لا إله إلا الله محمد رسول الله

# അൽഹഖ്

മാർച്ച് 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA

PRIVATE CIRCULATION


## മുസ്‌ലിം രാഷ്ട്രങ്ങൾക്കെതിരെ അമേരിക്കയുടെ ഗൂഢാലോചന

### 'അല്ലാഹുവേ, മുഹമ്മദ് നബിയുടെ സമുദായത്തെ നീ പരിഷ്കരിക്കേണമേ'

*–ഖലീഫത്തുൽ മസീഹ്–* V –



ഗൾഫ് യുദ്ധകാലത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ചെയ്ത ഖുത്ബകളെ ഹുസൂർ അനുസ്മരിക്കുകയുണ്ടായി. റാബിഅ്(റഹ്) അറബ് നാടുകളെ പാശ്ചാത്യ ശക്തികളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷപ്പെടുന്നതിന് ഉപദേശിച്ചിരുന്നു. എന്നാൽ അവർ ചെവിക്കൊണ്ടില്ല. റാബിഅ്(റഹ്) താക്കീ ത് ചെയ്ത പ്രകാരം തന്നെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇന്ന് ഇറാഖ് ഒന്നുമല്ലാതായിത്തീർന്നു കഴിഞ്ഞു. ആഭ്യന്തര യുദ്ധത്തിന്റെ വക്കിലാണത്. ഇതെല്ലാം അഹ്മദികളെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. സ്വാർത്ഥമതികളായ നേതൃത്വത്തിൽ നിന്നും പുറത്തുനിന്നുമുള്ള ദുരന്തങ്ങളിൽ നിന്നും മുസ്‌ലിം ഉമ്മത്തിന്റെ രക്ഷക്ക് വേണ്ടി ദുആ ചെയ്യുക.

**ഇസ്‌ലാമിക രാഷ്ട്രങ്ങൾക്കെതിരിൽ ഗൂഢാലോചന**

അമേരിക്കക്കാരനായ ജോൺ പെർകിൻസ് എഴുതിയ പുസ്തകത്തിൽ അമേരിക്കയുടെ ദുരുദ്ദേശങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. മൂന്നാം ലോക രാഷ്ട്രങ്ങളെ തങ്ങളുടെ കീഴിലാക്കി പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുകയും,യൂഫ്രട്ടീസ്,ടൈഗ്രീസ് നദികളുടെ തന്ത്രപ്രാധാന്യവും എണ്ണക്ക് പുറമെ ഈ കടന്ന് കയറ്റത്തിന് ഇവരെ പ്രോത്സാഹിപ്പിക്കുന്നു. ഇറാഖ് അധിനിവേശത്തെ ലോക സമാധാനത്തിനു വേണ്ടിയാണെന്ന് വാദിച്ച ശക്തികൾ ഇന്ന് 16 വർഷങ്ങൾ കഴിഞ്ഞിട്ടും ശിക്ഷ തുടരുകയാണ്. "മുസ്‌ലിംകൾക്ക് തങ്ങളുടെ പ്രശ്നം സ്വയം പരിഹരിക്കാൻ സാധിക്കാതെ പാശ്ചാത്യ ശക്തികളുടെ ഉപകരണമായി മാറിയിരിക്കുകയാണ്. ഇറാഖിൽ ഷായുടെ കാലത്ത് അമേരിക്കൻ എണ്ണ കമ്പനികൾ പ്രകടിപ്പിച്ച അമിത താൽപര്യം പുസ്തകത്തിൽ എടുത്തു പറയുന്നു.ഇന്ന് വീണ്ടും ഇതാണ് അവർ നോട്ടമിട്ടിരിക്കുന്നത്. ഇത്തരം ഗൂഢാലോചനകൾ മുസ് ലിം ലോകത്തിന്ന് നേരെ അവർ ചെയ്തു പോന്നിട്ടുണ്ട്. ഇനിയും തുടരുകയും ചെയ്യും. പ്രത്യേകിച്ച് എണ്ണ സമ്പത്തുള്ളതും ഏതെങ്കിലും രീതിയിൽ തങ്ങളുടെ താൽപര്യത്തിന് എതിര് നിൽക്കുകയും ചെയ്യുമെന്ന് തോന്നുന്ന രാജ്യങ്ങളോട്. ഇത് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഇന്ന് നിർണ്ണായകമായ ഘട്ടമാണ്. അവർ പാഠമുൾക്കൊള്ളേണ്ടിയിരിക്കുന്നു. പതിനാറ് വർഷം മുമ്പത്തെ ഖലീഫ തിരുമനസ്സിലെ ഉപദേശം അവർ സ്വീകരിക്കാത്തതിന്റെ തിക്തഫലമായി ഇന്ന് ഒരു രാഷ്ട്രം നാശത്തിന്റെ വക്കിലാണ്. വംശീയ പോരാട്ടത്തിന്റെ അന്ധത ബാധിച്ച ഇക്കൂട്ടർ ചാവേറുകളായി സ്വന്തം ജനങ്ങളെ തന്നെ വധിക്കുന്നു. അധിനിവേശ ശക്തികൾക്ക് തങ്ങളുടെ ജീവനഷ്ടത്തിൽ ആശങ്കയുണ്ടെങ്കിലും സ്വാർത്ഥതയ്ക്കാണ് അവർ മുൻതൂക്കം കൽപിക്കുന്നത്. ഇറാഖിന്റെ പുനഃനിർമ്മാണത്തിന്റെ പേരിൽ ഇവർ തങ്ങളുടെ ഖജനാവ് നിറക്കുകയാണ്. അവിടെ സമാധാന പുനഃസ്ഥാപനത്തിന് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ ഉപദേശം ഇനിയെങ്കിലും മുസ്‌ലിം രാഷ്ട്രങ്ങൾ ചെവി കൊള്ളേണ്ടതാണ്.

**ഇറാനും അപകടത്തിലാണ്**

ആണവ പരിപാടിയുടെ പേരിൽ പാശ്ചാത്യ ശക്തികൾ ഇറാനു നേരെ വിരൽ ചൂണ്ടുകയാണ്. ഇറാന്റെ ആണവ പദ്ധതി സമാധാനപരമായ ആവശ്യങ്ങൾക്കാണെന്ന് അവർക്ക് ബോധ്യം വരണം പോലും. തങ്ങൾക്കായി ഒരു നയവും മറ്റുളളവർക്ക് മറ്റൊന്നും. ഇതാണ് ഇവരുടെ നീതി. 'തീർച്ചയായും വിശ്വാസികൾ സഹോദരങ്ങളാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ യോജിപ്പ് ഉണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക, നിങ്ങൾ കരുണ ചെയ്യപ്പെടുന്നതിനു വേണ്ടി (41:11)' എല്ലാ വിശ്വാസികളും സഹോദരങ്ങളാണെന്ന ഹദീസും ചെവിക്കൊള്ളേണ്ടതാണ്.

**തഖ്‌വ മുറുകെ പിടിക്കുക**


മുസ്‌ലിം രാഷ്ട്രങ്ങൾ തഖ്‌വ(സൂക്ഷ്മത) കൈവിട്ടിരിക്കുന്നു. സൗദി അറേബ്യയുടെ മുസ്‌ലിം ലോകത്തോടുള്ള വഞ്ചന ചരിത്രത്താളുകളിൽ രേഖപ്പെട്ടുകഴിഞ്ഞു. സൗദി ഇന്ന് അമേരിക്കയുടെ പിടിയിലാണ്. പരിശുദ്ധ മക്കയും മദീന ഉൾക്കൊള്ളുന്ന രാജ്യമാകയാൽ മുസ്‌ലിം ലോകത്തെ അവർക്ക് രക്ഷിക്കുവാൻ സാധിക്കും. പക്ഷെ അമേരിക്കയെ ഭയപ്പെടുന്നതിനു പകരം അവർ അല്ലാഹുവിനെ ഭയപ്പെടട്ടെ. ഖലീഫത്തുൽ മസീഹ് സാനി (റ)യും,റാബിഅ്(റഹ്)യും മുസ്‌ലിം രാഷ്ട്രങ്ങൾ വൻശക്തികളിൽ നിന്ന് നേരിടുന്ന ഭീഷണികളെ കുറിച്ച് താക്കീത് ചെയ്തിരിക്കുന്നു. എന്നാൽ അടഞ്ഞുപോയ ചെവികൾക്ക് ആ ശബ്ദങ്ങൾ ശ്രവിക്കുവാൻ സാധിച്ചില്ല. ഇനിയും അവർ ശ്രദ്ധിച്ചെന്ന് വരില്ല. എന്നാൽ ഉമ്മത്തിനെ ഉദ്ധരിക്കാൻ തഖ്‌വയിലേക്ക് ക്ഷണിച്ച് കൊണ്ടിരിക്കേണ്ടതാണ്.

മുസ്‌ലിംകളുടെ ഇന്നത്തെ വിഷമകരമായ അവസ്ഥക്കുള്ള പ്രധാന കാരണം തഖ്‌വയോടുള്ള ആഭിമുഖ്യത്തിന്റെ കുറവാണെന്ന് ഹുസൂർ

*(ശേഷം പേജ് 3 ൽ)*

## ലക്ഷദ്വീപിൽ പ്രഭാഷണ പരമ്പര

കവരത്തി : ലക്ഷദ്വീപിന്റെ തലസ്ഥാനമായ കവരത്തിയിൽ മാർച്ച്, 1, 2, 3 തിയ്യതികളിൽ തബ്‌ലീഗ് പ്രസംഗങ്ങൾ നടക്കുകയുായി. റസൂൽ കരിം(സ.അ)യുടെ ചരിത്രം ദ്വീപ് വാസികളിൽ പുത്തൻ ഉണർവുാക്കി. റസൂൽ കരിം(സ.അ)യ്ക്കെതിരായി ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് അഹ്മദികളുടെ പ്രതികരണ രീതിയാണ് സർവ്വസമ്മതമായതെന്ന് ജനങ്ങൾ അംഗീകരിക്കുന്ന രീതിയിലുള്ളതായിരുന്നു പ്രഭാഷണങ്ങൾ. ഈസാ(അ)ന്റെ മരണവും പുനരാഗമനവും, സത്യസാക്ഷ്യം തുടങ്ങിയ വിഷയങ്ങളിലും പ്രഭാഷണങ്ങൾ നടന്നു. മൗലവി മഹ് മൂദ് അഹ്മദ് സാഹിബ്, മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി എന്നിവർ പരിപാടിക്ക് നേതൃ ത്വം നൽകി. തുടർന്ന് കൽപ്പേനിയിലും പ്രഭാഷണങ്ങൾ നടന്നു.



*നാസിർ തഅ്ലിം ഭാരത് ശിറാസ് അഹ്മദ് സാഹിബ് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ ചേർന്ന യോഗത്തിൽ സംസാരിക്കുന്നു. സമീപം അമീർ ഏ.പി. കുഞ്ഞാമു സാഹിബ് മൗലാനാ മുഹമ്മദ് ഉമർ സാഹിബ്* *(വാർത്ത നാലാം പേജിൽ)*

## നബി (സ) പറഞ്ഞ അഞ്ചു കാര്യങ്ങൾ


മുഹമ്മദ്(സ) അലി(റ)യോട് പറഞ്ഞു. ഉറങ്ങുന്നതിന് മുമ്പ് അഞ്ച് കാര്യങ്ങൾ ചെയ്യുക.

1. 4000 ദിനാർ സദഖയായി നൽകുക.
2. ഖുർ ആൻ മുഴുവൻ ഓതി തീർക്കുക.
3. ജന്നത്തിന് വില നൽകുക.
4. അക്രമികൾക്കിടയിൽ ഒത്തുതീർപ്പ് ഉാക്കുക.
5. ദിവസവും ഹജ്ജ് ചെയ്യുക.

പിന്നെ അലി(റ) തിരുമേനിയോട് ചോദിച്ചു. 'യാ റസൂലുള്ളാ(സ) ഈ കാര്യങ്ങളെല്ലാം എനിക്ക് എങ്ങനെയാണ് ചെയ്യാൻ സാധിക്കുക'. തിരുമേനി (സ) മറുപടി നൽകി.

1. സൂറ ഫാത്തിഹ നാല് തവണ പാരായണം ചെയ്യുക. ഇത് 4000 ദിനാർ നൽകുന്നതിന് സമമാണ്.
2. സൂറ ഇഖ്‌ലാസ് മൂന്നു തവണ ഓതുക. ഇത് ഒരു തവണ ഖുർ ആൻ ഓതിതീർക്കുന്നതിന് സമമാണ്
3. ദുറൂദ് ശരീഫ് (സ്വലാത്ത്) പത്ത് തവണ ചൊല്ലുക. ഇത് സ്വർഗ്ഗം വിലക്ക് വാങ്ങുന്നതിന് സമമാണ്.
4. ഇസ്തിഗ്ഫാർ പത്ത് തവണ ഓതുക. (അസ്തഗ്ഫിറുല്ലാഹ റബ്ബി മിൻകുല്ലി ദൻബിൻ വ അതൂബു ഇലൈഹി) അത് അക്രമികൾക്കിടയിൽ ഒത്തു തീർപ്പ് ഉാക്കുന്നതിന് സമമാണ്.
5. പരിശുദ്ധ കലിമ നാല് പ്രാവശ്യം ചൊല്ലുക. ഇത് ഹജ്ജ് ചെയ്യുന്നതിന് സമമാണ്.

## ഡോ.സലാഹുദ്ദീൻ സാഹിബ് നോർത്ത് ഇലാഖ ഖാഇദ്



കോഴിക്കോട് : മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കേരളയുടെ നോർത്ത് ഇലാഖ ഖാഇദായി ഡോ. സലാഹുദ്ദീൻ സാഹിബിനെ വീണ്ടും നിയോഗിച്ചതായി സദർ, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് അറിയിച്ചു. 2005-06 വർഷത്തേക്കാണ് നിയമനം.



*ഖലീഫത്തുൽ മസീഹ് ഖാമിസിനാൽ (അയ്യദഹു) ഉദ്ഘാടനം ചെയ്യപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന ബൈത്തുൽ ഹുദാ മസ്ജിദ്, സിഡ്നി, ഓസ്ട്രേലിയ.*

## ഖുദ്ദാമുൽ അഹ്മദിയ്യാ പരീക്ഷാ സിലബസ്

ഗ്രൂപ്പ് - 1 (15 - 20 വയസ്സ് വരെ)
**ഖുർആൻ-** ഖുർ ആൻ നോക്കി ഓതൽ
**തർജ്ജമ**
**മനഃപാഠം** - സൂറത്ത് ബഖറയുടെ അവസാന റൂകൂഅ് സൂറത്തുൽ ആലിഇമ് റാൻ - 191-195 വരെയുള്ള ആയത്തുകൾ.
**നമസ്കാരം** - മുഴുവൻ അർത്ഥസഹിതം
**ദുആകൾ-** 2008 ഖിലാഫത്ത് ജൂബിലി വരെ ചൊല്ലാൻ ഹുസൂർ കൽ പ്പിച്ച ദുആകൾ അർത്ഥ സഹിതം.
**പുസ്തകം-** മഹ്ദി ഇമാം വെളിപ്പെട്ടു

ഗ്രൂപ്പ് - 3 (21 - 30 വയസ്സ് വരെ)
**വിശുദ്ധ ഖുർആൻ തർജ്ജമ** - സൂറത്തുൽ ബലദ് മുതൽ സൂറത്തുൽ ഇൻശിറാഹ് വരെ
**മനഃപാഠം**-സൂറത്തുൽ സ്വഫ്ഫ്
**നമസ്കാരം-** മുഴുവൻ അർത്ഥസഹിതം
**ദുആകൾ** - 2008 ഖിലാഫത്ത് ജൂബിലി വർഷം വരെ ഹുസൂർ ചൊല്ലാൻ കൽപിച്ച ദുആകൾ മുഴുവൻ അർത്ഥ സഹിതം
**പുസ്തകം-** പ്രവാചകത്വം ഖുർആനിൽ

ഗ്രൂപ്പ് - 2 (31 - 40 വയസ്സ് വരെ)
**ഖുർആൻ-** ഖുർ ആൻ നോക്കി ഓതൽ
**തർജ്ജമ-** സൂറത്തുൽ മുഅ്മിനൂൻ, സൂറത്തുൽ നൂർ
**മനഃപാഠം** - സൂറത്തുൽ കഹ്ഫിലെ അവസാന റൂകൂഅ്
**ദുആകൾ-** 2008 ഖിലാഫത്ത് ജൂബിലി വരെ ചൊല്ലാൻ ഹുസൂർ കൽപ്പിച്ച ദുആകൾ അർത്ഥ സഹിതം
**പുസ്തകം-** ഈസാനബി(അ) ന്റെ മരണം

---

**ദീനി നിസാബ് മജ്ലിസ്**
**അത്ഫാലുൽ അഹ്മദിയ്യാ 2005-2006**

**1. സിത്താര അത്ഫാൽ** (7-9 വയസ്സ് വരെ)
(എല്ലാ ചോദ്യങ്ങളും ഓറൽ ആയിരിക്കും)

* നമസ്കാരം മുഴുവനും, ആയത്തുൽ കുർസി, വുളു ചെയ്യുന്ന രീതി, വുളുവിന് ശേഷമുള്ള ദുആ, ബാങ്ക്, സൂറഃഇഖ്ലാസ്,സൂറഃഫലക്, സൂറഃനാസ് മനപാഠം.

* ഇസ്ലാം കാര്യം, ഈമാൻ കാര്യം, പള്ളി മര്യാദകൾ, ജുമുഅ നമസ്കാരം അതിന്റെ മര്യാദകളും.

* കലിമ ത്വയ്യിബ അർത്ഥ സഹിതം, റസൂൽ(സ)യുടെ ചരിത്രം ചുരുക്കി വിവരിക്കുക, ഖുലഫായെ റാശിദീങ്ങളുടെ പേരുകളും അത്പോലെ അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകനെ കുറിച്ചും ചെറുതായി വിവരിക്കുക. കൂടാതെ ഖലീഫമാരുടെ പേരുകളും.

* ഭക്ഷണത്തിനു മുമ്പും ശേഷവുമുള്ള ദുആകൾ (പദ്യം) 'മെരിരാത് ദിൻ ബസ്യഹി ഇക്ക്സദാഹെ'

**2. ഹിലാലെ അത്ഫാൽ** (10-11 വയസ്സുള്ള കുട്ടികൾ) (എഴുത്ത് ആയിരിക്കും)

* നമസ്കാരം അർത്ഥ സഹിതം:- ദുആയെകുനുത്ത്, ബാങ്ക്, ബാങ്കിനു ശേഷമുള്ള ദുആ അർത്ഥ സഹിതം, പള്ളിയിലെ മര്യാദകൾ, തയമ്മും ചെയ്യുന്നതിനുള്ള വിവരണം, ഇസ്ലാം കാര്യം, ഈമാൻ കാര്യം വിവരിച്ചെഴുതുക.

* അവസാന 5 സൂറത്തുകൾ

* ഹസ്റത്ത് മുഹമ്മദ്(സ)യുടെയും, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ജീവചരിത്രം.

* ഹദീസ്. നാൽപത് മൊഴിമുത്തുകളിലെ ആദ്യത്തെ 15 എണ്ണം( അർത്ഥ സഹിതം)

* പദ്യം 'വോപേശ്വാ ഹമാരാ' പത്ത് വരികൾ 'ബദറ്ഗാഹെസിഷാനെഹയ്റുൽ അനാം' മുഴുവൻ.

**3. ഖമർ അത്ഫാൽ** (12-13 വയസ്സ് വരെ) മനഃപാഠം കൂടാതെ ബാക്കിയെല്ലാം എഴുത്തു പരീക്ഷയായിരിക്കും.

* ഖമറെ അത്ഫാൽ എന്ന പുസ്തകം മുഴുവൻ

4. **ബദർ അത്ഫാൽ** (14-15 വയസ്സ് വരെ) മനഃപാഠം [redacted] ത് പരീക്ഷയായിരി [redacted] പുസ്തകവും അഖ [redacted] ും മുഴുവൻ. [redacted] ാദ്യകടലാസ്സുകൾ [redacted] രിക്കും (ഇ.അ).



[redacted] ു പഴയ ചിത്രം

## മലപ്പുറം മേഖലാ സമ്മേളനം സമാപിച്ചു

**കൽക്കുളം:-** അഹ്മദിയ്യാ മുസ് ലിം ജമാഅത്തിന്റെ മലപ്പുറം മേഖലാ സമ്മേളനം കൽക്കുളത്ത് വെച്ച് നടന്നു. ഫെബ്രുവരി 25 ന് രാവിലെ 11 മണിക്ക് നാസിർ ഇസ്ലാഹ്-വ-ഇർഷാദ് മൗലാനാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ഇസ്ലാമിക പതാക ഉയർത്തിയതോടെയാണ് സമ്മേളന പരിപാടികൾക്ക് സമാരംഭം കുറിച്ചത്. പീന്നീട് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മേഖലാ അമീർ പി. മുഹമ്മദലി സാഹിബ് അദ്ധ്യക്ഷത വഹിച്ചു. അതിരുകവിഞ്ഞ തിൻമകളുടെയും നിഷേധത്തിന്റെയും ആപത്ക്കരമായ പാതയിലൂടെ സഞ്ചരിക്കുന്ന ലോക ജനതക്ക് മുക്തി മാർഗ്ഗം കാണി ച്ചു കൊടുക്കേണ്ട കനപ്പെട്ട ഉത്തരവാദിത്വമാണ് ഇന്ന് അഹ്മദികൾക്കുള്ളതെന്നും ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ അലംഭാവം പുലർത്തരുതെന്നും ഉദ്ഘാടന പ്രഭാഷണത്തിൽ മൗലാ നാ മുഹമ്മദ് ഇനാം ഗോറി സാഹിബ് ജമാഅത്തംഗങ്ങളെ ഉണർത്തുകയുണ്ടായി. മാതൃകായോഗ്യമായ സംശുദ്ധ ജീവിതം നയിക്കേണ്ടതിന്റെ അനിവാര്യതയെപറ്റി ഹുസൂർ തിരുമനസ്സ് ഊന്നിപ്പറഞ്ഞു കൊണ്ടിരിക്കുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു. എറണാകുളം മേഖലാ അമീർ ബി.ബി.അഹ്മദ് കബീർ സാഹിബ് സദസ്സിനെ അഭിസംബോധന ചെയ്തു. കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ അയച്ചു തന്ന സന്ദേശം മൗലവി ശൗക്കത്തലി സാഹിബ് വായിച്ചു കേൾപ്പിച്ചു. ടി.കെ. മുഹമ്മദ് സാഹിബ് ഖുർആൻ പാരായണവും ടി.കെ. മുബശ്ശിർ അഹ്മദ് പദ്യവും ചൊല്ലി.

ഉച്ചക്ക് ശേഷം നടന്ന തർബിയ്യത്ത് സമ്മേളനത്തിൽ ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഖിലാഫത്ത് ജൂബിലി നമ്മുടെ കർത്തവ്യം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. ഈ അനുഗ്രഹത്തിന്, ദൈവത്തിന് നന്ദി കാണിക്കുന്നതോടൊപ്പം ഖിലാഫത്തിനോട് പ്രതിബന്ധതയും കൂറും പുലർത്തേണ്ട ആവശ്യകതയെ അദ്ദേ ഹം എടുത്തു പറഞ്ഞു. അനന്തരം, മൗലവി ഗു ലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മൗലവി കെ.സിദ്ദീഖ് സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവർ യഥാക്രമം, അൽ വസിയ്യത്ത്, വഖ്ഫെ നൗ പ്രാധാന്യം, കുടുംബ ബന്ധങ്ങൾ ഇസ്ലാമിക വീക്ഷണത്തിൽ എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സെടുക്കുകയുണ്ടായി. സി.കെ. സിറാജുദ്ദീൻ നേതൃത്വം നൽകിയ സംഘഗാനം സദസ്സിന് പുത്തനുണർവ്വ് പകർന്നു.

തഹ്ജ്ജുദ് നമസ്കാരത്തോടെയാണ് രണ്ടാം ദിവസത്തെ പരിപാടികൾ ആരംഭിച്ചത്. സുബ്ഹി നമസ്കാരത്തെ തുടർന്ന് മൗലാനാ ഉമർ സാഹിബ് ഖുർആൻ ദർസ് നടത്തി. പ്രഭാത കൃത്യങ്ങൾക്കു ശേഷം നടന്ന തർബിയ്യത്ത് സമ്മേളനത്തിൽ മൗലവി സി.പി. മൊയ്തീകുട്ടി സാഹിബ് സാമ്പത്തിക ത്യാഗത്തെ സംബന്ധിച്ചും മൗലവി മുഹമ്മദ് സാഹിബ്, ഖുർആൻ പഠനത്തിന്റെ പ്രധാന്യം എ ന്ന വിഷയത്തെ കുറിച്ചും ക്ലാസ്സെടുത്തു. കെ. താഹിർ അഹ്മദ് ഖുർആൻ പാരായണം നടത്തി. മുക്താർ അഹ്മദ് ഉറുദു പദ്യം ചൊല്ലി.

അനന്തരം മേഖലാ അമീർ പി. മുഹമ്മദലി സാഹിബിന്റെ അദ്ധ്യക്ഷതയിൽ സമാപന സമ്മേളനം നടന്നു. മൗലനാ മുഹമ്മദ് ഇനാം ഗോറി സാഹിബ്, നാസിർ ഇസ്ലാഹ്.വ. ഇർഷാദ്, ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എന്നിവർ ഉദ്ബോധന പ്രഭാഷണങ്ങൾ നടത്തി. ടി.കെ. സുൽ ത്താൻ അഹ്മദ് ഖുർആൻ പാരായണവും പി. സഫർ അഹ്മദ് പദ്യവും ചൊല്ലി. മഞ്ചേരി ജമാഅത്ത് പ്രസിഡന്റ് പി.പി.ഹസ്സൻ കോയാസാഹിബ് നന്ദി പറഞ്ഞു. തുടർന്നു മൗ ലനാ മുഹമ്മദ് ഇനാം ഗോറി സാഹിബിന്റെ പ്രാർത്ഥനയോടെ സമ്മേളനത്തിന് തിരശ്ശീല വീണു. മേഖലയിലെ വിവിധ ജമാഅത്തുകളിൽ നിന്ന് സ്ത്രീകളടക്കം 520 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

### ഖുദ്ദാം അത്ഫാൽ സംയുക്ത വഖാറെ അമൽ

അത്ഫാലുകളെ ജമാഅത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുവേണ്ടി മാത്തോട്ടം മജ്ലിസ് സംയുക്ത വഖാറെ അമൽ സംഘടിപ്പിച്ചു. പ്രവർത്തനങ്ങൾക്ക് ഖാഇദ് സാഹിബ് നേതൃത്വം നൽകി. ഭക്ഷണത്തിന് ശേഷം ദുആയോടു കൂടി പരിപാടി അവസാനിച്ചു.

### പ്രബന്ധ മത്സരം സംഘടിപ്പിച്ചു

കോഴിക്കോട്,മാത്തോട്ടം മജ്ലിസുകളിലെ ഖാദിമീങ്ങൾക്കായി മാത്തോട്ടം മജ്ലിസ് പ്രബന്ധ മത്സരം സംഘടിപ്പിച്ചു. ആവിഷ്ക്കാര സ്വാതന്ത്ര്യം ഇസ്ലാമിക പരിപ്രേക്ഷ്യത്തിൽ, ഇസ്ലാമും യുദ്ധവും തുടങ്ങിയ വിഷയങ്ങളായിരുന്നു മത്സരത്തിനുണ്ടായിരുന്നത്.

### യു.കെ.ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഫുട്ബോൾ മാച്ച്

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് യു.കെ. യുടെ ആഭിമുഖ്യത്തിൽ യു.കെ ജാമിഅ അഹ്മദിയ്യായയും എഞ്ചിനീയർമാരുടെ സം ഘടനയായ IAAAE (International Association of Ahmadi Architects and Engineers) ഉം തമ്മി ൽ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. പരിപാടിയിൽ യു.കെ ജമാഅത്ത് അമീർ ജനാബ്. റഫീഖ് അഹ്മദ് ഹയാത്ത് സാഹിബ്, നായിബ് അമീ ർ ജനാബ് അക്റം അഹ്മദ് സാഹിബ് തുടങ്ങിയവർ സംബന്ധിച്ചു.

# ഖുർആൻ പാരായണത്തിലെ യുക്തി

അമേരിക്കയിൽ വൃദ്ധനായ ഒരു മുസ്ലിം തന്റെ കൃഷിയിടത്തിന്റെ കിഴക്ക് ഭാഗത്ത് പേരക്കുട്ടിയുമായി താമസിച്ചിരുന്നു. എല്ലാദിവസവും രാവിലെ എഴുന്നേറ്റ് തന്റെ അടുക്കളയിലെ മേശക്കരികിലിരുന്ന് ഖുർആൻ പാരായണം ചെയ്യാറുണ്ടായിരുന്നു ഇദ്ദേഹം.

അദ്ദേഹത്തിന്റെ പേരകുട്ടിക്ക് അതുപോലെ ആയിത്തീരണമെന്ന് ആഗ്രഹം ഉണ്ടായി. അതിനായി കുട്ടി മുത്തച്ഛനെ അനുകരുക്കുകയും ചെയ്തിരുന്നു. ഒരു ദിവസം പേരകുട്ടി ചോദിച്ചു. മുത്തച്ഛാ.. ഞാൻ താങ്കളെ പോലെ ഖുർആൻ ഓതാൻ ശ്രമിക്കുകയാണ്. എന്നാൽ എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. മനസ്സിലായത് ഖുർആൻ അടക്കുന്നതിന് മുൻപെ എനിക്ക് മറന്നു പോകുകയും ചെയ്യുന്നു. എന്ത് നന്മയാണ് ഇത് ഓതികൊണ്ടിരിക്കുന്നതിൽ നിന്നും നമുക്ക് ലഭിക്കുന്നത്?

ഇതു കേട്ട് മുത്തച്ഛൻ താൻ ചെയ്തുകൊണ്ടിരിക്കുന്ന (കൽക്കരി-അടുപ്പിൽ ഇടുന്ന ജോലി) നിറുത്തി മറുപടി നൽകി. ഈ കൽക്കരി കൂട്ട നദിയിൽ കൊണ്ടു പോയി വെള്ളം നിറച്ച് കൊണ്ട് വരിക. കുട്ടി പറഞ്ഞതു പോലെ ചെയ്തു. പക്ഷെ കൂട്ടയിലുണ്ടായിരുന്ന വെള്ളം മുഴുവൻ തിരിച്ച് വീട്ടിലെത്തുമ്പോഴേക്കും ഒഴുകിപ്പോയി. മുത്തച്ഛൻ ഇത് കണ്ട് ചിരിക്കുകയും പറയുകയും ചെയ്തു. കുറച്ചു കൂടി വേഗത അടുത്ത പ്രാവശ്യം ഉണ്ടാകണം. വീണ്ടും മകനെ വെ ള്ളം കൊണ്ടുവരാൻ കൂട്ടയുമായി പറഞ്ഞയ്ക്കുക യും ചെയ്തു. എന്നാൽ വീട്ടിലെത്തിയപ്പോഴേക്കും കൂട്ടയിൽ വെള്ളമുണ്ടായിരുന്നില്ല. കുട്ടി അപ്പൂപ്പനോട് പറഞ്ഞു. കൂട്ടയിൽ വെള്ളം കൊണ്ടുവരുന്നത് അസാദ്ധ്യമാണ്. പകരം ഒരു ബക്കറ്റ് സങ്കടിപ്പിക്കാൻ പുറത്തേക്ക് പോയി. വൃദ്ധൻ പറഞ്ഞു. എനിക്ക് ബക്കറ്റിൽ വെള്ളം വേണ്ട. കൂട്ടയിൽ തന്നെ വെള്ളം വേണം. നീ ശക്തിയായി ശ്രമിക്കുക എന്ന് പറഞ്ഞ് കൊണ്ട് വൃദ്ധൻ കടന്നു പോയി. ഈ അവസരത്തി ൽ കുട്ടിക്ക് അറിയാമായിരുന്നു കൂട്ടയിൽ വെള്ളം കൊണ്ട് വരിക അസാദ്ധ്യമാണെന്ന് അവന് മനസ്സിലായി. എന്നാൽ അപ്പൂപ്പനെ തൃപ്തിപ്പെടുത്താനായി അവൻ ശ്രമിച്ചുകൊണ്ടിരുന്നെങ്കിലും വീട്ടിലെത്തുമ്പോഴേക്കും കൂട്ട കാലിയായിക്കൊണ്ടിരുന്നു. വീണ്ടും വീണ്ടും കൂട്ട പുഴയിൽ മുക്കി വീട്ടിലേക്ക് ഓടി. എന്നിട്ടും കൂട്ടയിൽ വെള്ളം നിന്നില്ല. അവശനായ കുട്ടി പറഞ്ഞു ഇത് പ്രയോജനരഹിതമാണ്. അപ്പോൾ മുത്തച്ഛൻ പറഞ്ഞു നീ വിചാരിക്കുന്നത് പ്രയോജനരഹിതമാണെന്നാണ്. എന്നാൽ നീ കൂട്ടയിലേക്ക് ഒന്ന് നോക്കൂ. കൂട്ടയിലേക്ക് നോക്കിയ അവന് കൂട്ട വളരെ വ്യത്യസ്തമായിരിക്കുന്നതായി മനസ്സിലായി. കരി ഉണ്ടായിരിന്നപ്പോഴത്തെ കൂട്ട വെ ള്ളം കോരിയതിന് ശേഷം വൃത്തിയായിരിക്കുന്നു എന്ന് അവൻ മനസ്സിലാക്കി.

മകനെ ഇങ്ങനെയാണ് ഖുർആൻ ഓതുമ്പോഴും സംഭവിക്കുന്നത്. നിനക്ക് ചിലപ്പോൾ മനസിലായില്ലെന്ന് വരാം. നിനക്ക് എല്ലാം ഓർമ്മിക്കാൻ കഴിഞ്ഞില്ലെന്ന് വരാം. ഖുർആൻ ഓതുമ്പോൾ നിന്റെ അകത്തും പുറത്തും നിനക്ക് മാറ്റം ഉണ്ടാകുന്നുണ്ട്. ■

# ഇനാം ഗോരി സാഹിബിന്റെ കേരള പര്യടനം -

### ഹൃസ്വ വിവരണം

*മൗലവി മുഹമ്മദ് ഉമർ*

ഇന്ത്യയിലെ നാസിർ ഇസ്ലാഹോ ഇർശാദ് ബഹുമാനപ്പെട്ട മൗലാന മുഹമ്മദു ഇനാം ഗോരി സാഹിബ്, 17 ഫെബ്രുവരി 2006 മുതൽ മാർച്ച് 2 തിയ്യതി വരെ കേരളത്തിലെ ജമാഅത്തുകളിൽ സന്ദർശനം നടത്തുകയുണ്ടായി. 19-ാം തിയ്യതി മുതൽ പര്യടനാവസാനം വരെ ചീഫ് മിഷനറി കേരള അദ്ദേഹത്തെ അനുഗമിച്ചു. നാസിർ സാഹിബ് 17-2-06 ന് എറണാകുളത്തെത്തി. പിറ്റേന്ന് കൊച്ചി, കാക്കനാട്, പള്ളുരുത്തി, ഐരാപുരം എന്നീ ജമാഅത്തുകൾ സന്ദർശിച്ചു. എറണാകുളത്ത് നിർമ്മാണത്തിലിരിക്കുന്ന സുന്ദരവും എല്ലാ സൗകര്യങ്ങളുമുള്ള മസ്ജിദ് സന്ദർശിച്ച് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി. 18-ാം തിയ്യതി ശനിയാഴ്ച ഐരാപുരത്ത് മസ്ജിദ് നിർമ്മാണത്തിനായി അദ്ദേഹം ശിലാസ്ഥാപനം നടത്തി.

അന്നു തന്നെ ജനാബ് നാസിർ സാഹിബും ജനാബ് മൗലവി സാഹിബും എറണാകുളത്തു നിന്നു പുറപ്പെട്ടു. ആലപ്പുഴ ജമാഅത്ത് സന്ദർശനാനന്തരം മഗ്‌രിബിനു കരുനാഗപ്പള്ളിയിൽ എത്തിച്ചേർന്നു. മഗ്‌രിബ് ഇശാ നമസ്കാരാനന്തരം കരുനാഗപ്പള്ളി മേഖലാ അമീർ ജനാബ് പ്രൊഫസ്സർ ജലീൽ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന തർബിയ്യത്ത് യോഗത്തിൽ നാസിർ സാഹിബും മൗലവി മുഹമ്മദ് ഉമർ സാഹിബും ശിക്ഷണപരമായ വിവിധ കാര്യങ്ങളെ കുറിച്ച് പ്രഭാഷണം നടത്തി.

20-ാം തിയ്യതി രാവിലെ കരുനാഗപ്പള്ളിയിൽ നിന്നു പുറപ്പെട്ട് കൊല്ലം, മാത്ര, കൊട്ടാരക്കര എന്നീ ജമാഅത്തുകൾ സന്ദർശിച്ചു കേരള തമിഴ്നാടു അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന കാളിയിക്കാവിള എന്ന ജമാഅത്തിൽ എത്തിച്ചേർന്നു.അവിടെ പള്ളി നിർമ്മാണത്തിനായി വാങ്ങിയ സ്ഥലത്ത് ജനാബ് ഗോരി സാഹിബ് ശിലാസ്ഥാപനം നടത്തി. തദവസരത്തിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നുമായി ധാരാളം സഹോദരൻമാർ സന്നിഹിതരായിരുന്നു. അന്നു വൈകുന്നേരം നടന്ന പൊതുയോഗത്തിൽ ജനാബ് നാസിർ സാഹിബ്, ജനാബ് മൗലവി മുഹമ്മദ് ഉമർ സാഹിബ്, ജനാബ് കെ. മഹ്മൂദ് അഹ്മദ് സാഹിബ്, ജനാബ്. പ്രൊ. ജലീൽ സാഹിബ്, എം. ബിശാറത്ത് അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം രണ്ടുപേരും മേലേപ്പാളയത്തേയ്ക്ക് പുറപ്പെടുകയും രാത്രി അവിടെ എത്തിച്ചേരുകയും ചെയ്തു.

മേലേപ്പാളയത്ത് സുസംഘടിതമായ നല്ലൊരു ജമാഅത്ത് തബ്ലീഗ്, തഅ്ലിം, തർബിയത്ത് പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. അവിടെയുള്ള വിശാലമായ മിഷൻ ഹൗസിന്റെ മേൽഭാഗത്ത് വിപുലമായ മസ്ജിദ് നിർമ്മിച്ചിരിക്കുന്നു. അതിന്റെ ഉദ്ഘാടനകർമ്മം നിർവഹിക്കപ്പെട്ടു. ജനാബ് നാസിർ സാഹിബ് ഇജ്തിമാഅ് ദുആയോടു കൂടി വാതിൽ തുറന്നു ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തമിഴ്നാടിന്റെ തെക്കൻ മേഖലാ അമീർ ജനാബ് എ.പി. വൈ. അബ്ദുൾ ഖാദിർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ ജനാബ് നാസിർ സാഹിബ്,ജനാബ് ബശാറത്ത് അഹ്മദ് സാഹിബ്, അമീർ വടക്കൻ മേഖലാ തമിഴ്നാടു, മൗലവി മുസമ്മിൽ അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഉമർ സാഹിബ് എന്നിവർ പ്രസംഗിച്ചു. യോഗാവസാനത്തിൽ മേലപ്പാളയം ജമാഅത്തിന്റെ വകയായി ജനാബ് നാസിർ സാഹിബിനും ജനാബ് മൗലവി മുഹമ്മദ് ഉമർ സാഹിബിനും ഉപഹാരങ്ങൾ സമർപ്പിച്ചു. അന്നു രാത്രി രണ്ടു പേരും പഴയങ്ങാടിയിലേക്ക് റെയിൽ മാർഗ്ഗം പുറപ്പെടുകയും പിറ്റേന്നു പഴയങ്ങാടിയിലെത്തുകയും ചെയ്തു. അന്നു മഗ്‌രിബിനു ശേഷം കണ്ണൂർ മേഖലാ അമീർ ജനാബ് കുഞ്ഞഹ്മദു മാസ്റ്റർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന തർബിയത്ത് യോഗത്തിൽ ജനാബ് നാസിർ സാഹിബും, ജനാബ് മൗലവി സാഹിബും പ്രസംഗിക്കുകയുണ്ടായി.

ഫെബ്രവരി 23-ാം തിയ്യതി വ്യാഴാഴ്ച രാവിലെ കൂടാളി, മട്ടന്നൂർ, കണ്ണൂർസിറ്റി, കടലായി എന്നീ ജമാഅത്തുകൾ സന്ദർശിച്ച് വൈകുന്നേരം മഗ്‌രിബ് ഇശാ നമസ്കാരങ്ങൾക്കു ശേഷം കണ്ണൂർ ടൗൺ ജമാത്തിൽ മേഖലാ അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന തർബിയത്ത് യോഗത്തിൽ രണ്ടുപേരും വിവിധ കാലിക വിഷയങ്ങളെ കുറിച്ച് പ്രസംഗിച്ചു. പിറ്റേന്ന് രാവിലെ രണ്ടുപേരും കോഴിക്കോട്ടേക്ക് യാത്രയായി. ജുമാ നമസ്കാരത്തിനും ഉച്ച ഭക്ഷണത്തിനു ശേഷം കേരളത്തിലെ ആറു മേഖലാ അമീർമാരുടെ ഒരു പ്രത്യേക യോഗം ജനാബ് നാസിർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്നു.

തദവസരത്തിൽ നാസിർ സാഹിബ് കേരളത്തിലെ സംഘടനാ പ്രവർത്തനങ്ങളിൽ ഹുസൂർ തിരുമനസ്സു വരുത്തിയ പരിവർത്തനങ്ങളെ കുറിച്ച് വിശദീകരിച്ചുകൊണ്ട് കേരളത്തിലെ ആറു മേഖലാ അമീർമാരെയും കോർഡിനേറ്റു ചെയ്യുന്ന ഉത്തരവാദിത്വം ഹുസൂർ മൗലവി മുഹമ്മദ് ഉമർ സാഹിബിനെ ഏൽപ്പിക്കുകയും അതേപ്രകാരം തന്നെ കേരളത്തിലെ എല്ലാ മുബല്ലിഗ് മുഅല്ലിമീങ്ങളുടെ മേൽനോട്ട ചുമതലയും അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്ത കാര്യവും അദ്ദേഹം അറിയിച്ചു.

അതിനുശേഷം ജനാബ് നാസിർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കേരളത്തിലെ മുബല്ലിഗ്, മുഅല്ലിമീങ്ങളുടെയും യോഗത്തിൽ അവരുടെ ഉത്തരവാദിത്വങ്ങളെയും ബാദ്ധ്യതകളെയും കുറിച്ച് ഉൽബുദ്ധരാക്കുകയുണ്ടായി. എല്ലാ മുബല്ലിഗ് മുഅല്ലീമീങ്ങളും തങ്ങളുടെ മാസാന്തരമുള്ള പ്രവർത്തന റിപ്പോർട്ട് കേന്ദ്രത്തിൽ അയക്കുന്നതോടൊപ്പം അതത് മേഖലാ അമീർ സാഹിബിനും ചീഫ് മിഷനറിക്കും അതിന്റെ കോപ്പി അയക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

പിറ്റേന്ന് രാവിലെ രണ്ടു പേരും മലപ്പുറം ജില്ലയിലുള്ള കൽക്കുളത്ത് ചേർന്ന മലപ്പുറം മേഖലാ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുവാൻ പുറപ്പെട്ടു. ഈ മേഖലാ സമ്മേളനത്തി

*(ശേഷം പേജ് 6 ൽ)*

# അമേരിക്കൻ ഗൂഢാലോചന

*(1-ാം പേജിൽ നിന്ന്)*

പറഞ്ഞു. ഈ കാലത്തെ ഇമാമായ വാഗ്ദത്ത മസീഹിനെ വിശ്വസിച്ചു കൊണ്ടു മാത്രമെ അത് സാധ്യമാവുകയുള്ളു. കാലത്തിന്റെ ഇമാമിനെ സ്വീകരിക്കാതെ കണ്ട് മുസ്ലിം ലോകത്തിന്റെ പുരോഗതി സാധ്യമല്ലന്ന് മുസ്ലിം ലോകത്തെ ബോദ്ധ്യപ്പെടുത്തേണ്ട ചുമതലയും അതിനായി പ്രാർത്ഥിക്കേണ്ട ചുമതലയും അഹ്മദികളായ നമുക്കുണ്ട്.

ക്രിസ്തീയ ലോകം പതനത്തിന്റെ പാതയിലാണ് അവർ ഇപ്പോൾ ബാലസാഹിത്യങ്ങളിലൂടെ ക്രിസ്തു മതത്തിന്റെ നല്ല വശങ്ങൾ ഉദ്ധരിച്ചും ഇസ് ലാമിനെ കുറിച്ച് തെറ്റിദ്ധാരണ പരത്തിയും അവരുടെ സന്ദേശം പ്രചരിപ്പിക്കുവാനുള്ള തന്ത്രത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ക്രിസ്തീയ പാതിരിമാർ ഇസ്ലാമിനെ ആശയപരമായി ആക്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനെതിരിൽ ഈജ്പ്ഷ്യൻ മതപണ്ഡിതൻമാർ മൗനം ദീക്ഷിക്കുകയാണ്. അവർ ഒരു പ്രത്യേക ഉദ്ദേശത്തോടെ കരുതി കൂട്ടി മിണ്ടാതിരിക്കുകയാണെന്നാണ് പറയുന്നത്.

സൂറാജുമായിലെ നാലാം സൂക്തമനുസരിച്ച് ലോകത്തിൽ ഇസ്ലാമിന്റെ അന്തസ്സ് ഈ കാലത്ത് മസീഹിൽ വിശ്വസിക്കാതെ പുനഃസ്ഥാപിക്കാൻ സാദ്ധ്യമല്ലെന്നും ഇസ്ലാമിക വിജയം മറ്റു വിധത്തിൽ പ്രാപ്യമല്ലെന്നും നമുക്കറിയാം.

നാം മുസ്ലിം സമൂഹവുമായി കൂടിയാലോചന നടത്തേണ്ടതും തബ്ലീഗ് ചെയ്തുകൊണ്ടു അവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതാണെന്നും ഹുസൂർ പറഞ്ഞു. മുസ്ലിം ലോകത്തിന് മേൽ ആപതിക്കാനിരിക്കുന്ന അത്യാപത്തിനെ കുറിച്ച് ആവർത്തിച്ചു പറഞ്ഞു കൊണ്ട് അതിനെ ഇല്ലായ്മ ചെയ്യുവാൻ വേണ്ടി അവസാന നിമിഷം വരെ പ്രയത്നിക്കേണ്ടത് അഹ്മദികളാണെന്നും അതിനു വേണ്ടി പ്രാർത്ഥിക്കുവാൻ നമുക്കു മാത്രമെ സാധ്യമാവുകയുള്ളൂ എന്നും ഹുസൂർ പറയുകയുണ്ടായി. പരിഷ്കരണത്തിനു അല്ലാഹുവിന്റെ പ്രവാചകനെ സ്വീകരിക്കേണ്ടത് അത്യാവശ്യമാണെന്നും നേർമാർഗ്ഗം ആകാശത്തിൽ നിന്നു മാത്രമെ ലഭ്യമാവുകയുള്ളൂ. എന്നുമുള്ള വാഗ്ദത്ത മസീഹിന്റെ ഉദ്ധരണികൾ ഹുസൂർ ഉദ്ധരിക്കുകയുണ്ടായി. വിശുദ്ധ ഖുർആൻ ഇസ്ലാമിന്റെ വിജയത്തെ കുറിച്ച് സുവ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. എന്നാൽ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാത്തത് കാരണം നാൾക്കുനാൾ ഇസ്ലാമിന്റെ അവസ്ഥ വളരെ ശോചനീയമായിക്കൊണ്ടിരിക്കുകയാണെന്ന് ഹുസൂർ പറഞ്ഞു.

വാഗ്ദത്ത മസീഹ് മുഴുലോകത്തിനും വേണ്ടിയാണ് നിയുക്തനായിട്ടുള്ളത്. അതിനാൽ നാം അതിക്രമികളായ ആളുകൾക്ക് വേണ്ടിയും പ്രാർത്ഥിച്ചു കൊണ്ടിരിക്കേണ്ടതാണെന്ന് ഹുസൂർ പറഞ്ഞു. അവരെ അവരുടെ പ്രവർത്തനങ്ങളിൽ നിന്നും തടയാൻ നമുക്ക് സാധ്യമല്ല. എന്നാൽ നമുക്ക് പ്രാർത്ഥന എന്ന ആയുധം കൊണ്ട് അവരെ നേരിടാം. മുഴു മനുഷ്യരാശിക്കു വേണ്ടിയും നാം പ്രാർത്ഥിക്കേണ്ടതുണ്ട്. അവർ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം നാശത്തിലേക്ക് നയിക്കുന്നതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്. തങ്ങളുടെ ഭരണാധികാരികൾ ചെറു രാഷ്ട്രങ്ങളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണെന്ന വസ്തുത അല്ലാഹു അവരെ ബോധ്യപ്പെടുത്തുകയും അവരുടെ രാഷ്ട്രീയ നേതാക്കൻമാരെ അതിൽ നിന്നും പിൻന്തിരിപ്പിക്കുകയും ചെയ്യുമാറാകട്ടെ. സ്വരാജ്യ സ്നേഹവും മനുഷ്യകുലത്തോടുള്ള പ്രേമവും ഒന്നായിത്തീരേണ്ടതാണെന്ന വാഗ്ദത്ത മസീഹിന്റെ വാക്യം ലോകം മനസ്സിലാക്കുന്നത് വരെ യഥാർത്ഥ സമാധാനം സ്ഥാപിതമാകില്ലെന്നു ഹുസൂർ പറഞ്ഞു.

വാഗ്ദത്ത മസീഹ് ലോകത്തിന് നൽകിയ മുന്നറിയിപ്പുകളെ സംബന്ധിച്ച് ഹുസൂർ ഇപ്രകാരം പറഞ്ഞു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ആപത്തുകൾ ഇറക്കാതിരിക്കത്തക്ക വിധം ലോകം ഒരു സൃഷ്ടാവിന്റെ കീഴിൽ, ഇസ്ലാമിന്റെ കൊടിക്കീഴിൽ അണിനിരക്കുമാറാകട്ടെ. നമുക്ക് നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ടും പ്രാർത്ഥനകൾ കൊണ്ടും ധാരാളമായി പ്രയത്നിക്കാം.

(ഖുത്വ്ബ സംക്ഷിപ്തം 17.03.2006)

■

# ഉറുദു ക്ലാസ് വീണ്ടും തുടങ്ങി

ലണ്ടൻ: ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നടത്തിവന്നിരുന്ന സുപ്രസിദ്ധമായ ഉറുദു ക്ലാസ്സ് ഖലീഫത്തുൽ മസീഹ് ഖാമിസ് വീണ്ടും തുടങ്ങി. മാർച്ച് 18ന് നടന്ന പരിപാടി യിൽ ചോട്ടാ ബച്ചാ (ആഫ്രിക്കൻ സ്വദേശി ആദുസാഹിബ്) കബാബിർ ജമാഅത്ത്, ഉസ്മാൻ ചീനി സാഹിബ്, ബംഗ്ലാ ദേശികൾ, ജർമ്മൻകാർ തുടങ്ങി ഉറുദു പഠിക്കാനായി അനേകം പേർ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ടൊപ്പം ക്ലാസ്സിൽ പങ്കെടുത്തു. ഹുസൂർ ഉറുദു പഠനം വിലയിരുത്തി. ക്ലാസ്സിൽ ഹുസൂർ പറഞ്ഞ തമാശ വായനക്കാർക്ക് വേണ്ടി ചേർക്കുന്നു.

ഒരു ജോലിക്കാരൻ ഫർണിച്ചർ പോളീഷ് ചെയ്യുകയായിരുന്നു. നല്ല ചൂടുള്ള ദിവസം ഉച്ച സമയത്ത് രണ്ട് ഓവർ കോട്ടായിരുന്നു അദ്ദേഹം ഇട്ടിരുന്നത്.ഇത് കണ്ട ആൾ വിസ്മയത്തോടു കൂടി ചോദിച്ചു എന്തിനാണ് സഹോദരാ ഈ നട്ടുച്ചക്ക് രണ്ട് കോട്ട് ഇട്ടിരിക്കുന്നതെന്ന്. ജോലിക്കിടയിൽ പണിക്കാരൻ പറഞ്ഞു. രണ്ട് കോട്ട് ഇടാനാണ് ഉടമസ്ഥൻ പറഞ്ഞിട്ടുള്ളത്.

NEWS

## Ahmadiyya Muslim Students Association

അഹ്മദിയ്യാ മുസ്ലിം വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ കാനഡയിലെ ടോറന്റോയിലെ യൂണിവേഴ്സിറ്റിയിൽ ഹിന്ദു, ക്രിസ്ത്യൻ വിദ്യാർത്ഥി സംഘടനകളുമായി യോജിച്ച് 'പ്രകൃതി ദുരന്തങ്ങൾ ദൈവിക ശിക്ഷയോ' എന്ന വിഷയത്തിൽ സിമ്പോസിയം സംഘടിപ്പിച്ചു. 165 പേരോളം പരിപാടിയിൽ സംബന്ധിച്ചു.

## ഖുത്വ്ബ 24-2-2006 (യിൽ നിന്നും)

**ബാങ്കിനുശേഷമുള്ള പ്രാർത്ഥന ഓരോ അഹ്മദിയും ഹൃദ്യസ്ഥമാക്കുകയും ചൊല്ലുകയും ചെയ്യുക. റസൂലുല്ലാ(സ)യുടെ മേലുള്ള സ്വലാത്ത് വർദ്ധിപ്പിക്കുക. നിസ്കാരത്തിൽ നമ്മൾ ചെയ്യുന്ന സ്വലാത്താണ് നാം നിത്യവും ചൊല്ലിക്കൊരിക്കേത്.**

# അൽഹഖ്

AHMADIYYA NEWS BULLETTIN

ചീഫ് എഡിറ്റർ : ഡോ. സലാഹുദ്ദീൻ

എഡിറ്റർ : ഷൗക്കത്തലി. ബി.എം.


## പ്രിയമുള്ള വായനക്കാരോട്...


കാലത്തിന്റെ ഇമാമിനെ തിരിച്ചറിഞ്ഞ നാം ഭാഗ്യവാൻമാരാണ്. അല്ലാഹുവിനോടു എത്ര മാത്രം നന്ദി കാണിച്ചാലും മതിയാകുകയില്ല. അവന്റെ മുന്നിൽ നമ്രശിരസ്കരായി നാം കുനിയുക. വരാനിരിക്കുന്ന ഉന്നത വിജയങ്ങളുടെ തിരയിളക്കമാണ് നാം ഇന്ന് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. ഖലീഫത്തുൽ മസീഹ് സാനി(റ) നാൽ രൂപീകൃതമായ ഖുദ്ദാമുൽ അഹ്മദിയ്യാക്ക് ഈ വഴിയിൽ ഭാരിച്ച ഉത്തരവാദിത്വമാണുള്ളത്. നാം ചെയ്യുന്ന ഏത് പ്രവർത്തനമായാലും അത് വരാനിരിക്കുന്ന മഹാവിജയത്തിന്റെ മുന്നോടിയാണ്. അതാണ് നാം മഹാന്മാരിലൂടെ കണ്ടെത്തേണ്ടത്. അവർ ഭാവിയെ കുറിച്ച് കണ്ട് അതിനു വേണ്ടി വർത്തമാന കാലത്തിൽ പ്രവർത്തിക്കുന്നവരായിരുന്നു. ഈ മാതൃക നാമും സ്വായത്തമാക്കുക.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങൾ മജ്‌ലിസുകളിൽ സജീവമാക്കുന്ന കാര്യത്തിൽ 'അൽഹഖ്' പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അതിന്റെ ജനനം തൊട്ട് ഇന്ന് വരെ അതിന്റെ പ്രവർത്തനങ്ങളിൽ സജീവമായ പങ്ക് വഹിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുക. ഇടക്കാലത്ത് ഇതിന്റെ പ്രവർത്തനം നിന്ന് പോയെങ്കിലും ഖുദ്ദാമുൽ അഹ്മദിയ്യാ വടക്കൻ മേഖല അൽഹഖ് വീണ്ടും പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ് (ഇ:അ). ഈ ദൗത്യം മുന്നോട്ട് കൊണ്ട് പോകുന്നതിന് ആത്മാർത്ഥമായ സഹകരണവും സേവനവും ആവശ്യമാണ്. സർവ്വോപരി പ്രാർത്ഥനയിൽ ഇതിനെക്കുറിച്ചോർക്കുക.

ഖലീഫത്തുൽ മസീഹ് തിരുമനസ്സിലെ ഓരോ വാക്കും ഖാദിമീങ്ങളിൽ എത്തിക്കേണ്ട ബാദ്ധ്യത ഖുദ്ദാമുൽ അഹ്മദിയ്യായിൽ നിക്ഷിപ്തമാണ്. ഈ ദൗത്യം ഏറ്റെടുത്ത് 'അൽഹഖ്' മുന്നോട്ട് കൊണ്ട് പോകാൻ സർവ്വശക്തനായ ദൈവം തുണക്കുമാറാകട്ടെ. റസൂൽ തിരുമേനി(സ)യുടെയും ഇസ്‌ലാമിന്റെയും എല്ലാ അമുല്യ തത്വങ്ങളും, അദ്ധ്യാപനങ്ങളും പ്രതിനിധാനം ചെയ്യുന്നവരായി ഖാദിമീങ്ങൾ മാറണം. ഇതിനായി കാലത്തിന്റെ ഇമാമിന്റെ ഓരോ ഉപദേശവും നാം പ്രാവർത്തികമാക്കുക. പ്രകാശം സ്വീകരിക്കുകയും പ്രകാശം പരത്തുന്നവരുമായി നാം മാറണം. ഹസ്റത്ത് അഹ്മദ്(അ) പറയുകയുണ്ടായി. ആരുടെ പക്കൽ പ്രകാശമുണ്ടോ അയാൾക്ക് കുറേക്കൂടി പ്രകാശം നൽകപ്പെടുന്നു. ആരുടെ പക്കൽ ഒന്നും ഇല്ലയോ അയാൾക്ക് ഒന്നും നൽകപ്പെടുന്നില്ല. ആർക്ക് കണ്ണുകളുടെ പ്രകാശമുണ്ടോ അവർക്ക് മാത്രമെ സൂര്യപ്രകാശം സിദ്ധിക്കുകയുള്ളൂ. ആരുടെ കണ്ണുകൾക്ക് പ്രകാശമില്ലയോ അവർക്ക് സൂര്യപ്രകാശം കാണുവാൻ ഒക്കുകയില്ല. പ്രകൃതിദത്തമായ പ്രകാശം ആർക്ക് അൽപം മാത്രം കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാശം അൽപം മാത്രം കിട്ടുന്നു. ആന്തരീയ പ്രകാശം ആർക്ക് കൂടുതൽ കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാശവും ധാരാളം ലഭിക്കുന്നു. (റൂഹാനി ഖസായീൻ) (വാള്യം.1,ഭാ.195,196)

നന്മയിൽ മുന്നേറുന്നെങ്കിൽ മാത്രമെ നന്മകൾ സ്വായത്തമാക്കാൻ നമുക്ക് ഭാഗ്യം ലഭിക്കുകയുള്ളൂ. ഈ വഴിയിൽ ഒരു ചുവടുവെക്കാൻ അൽഹഖിനു സാധിക്കുമാറാകട്ടെ. അതിനായി ഓരോ ഖാദിമും മുമ്പോട്ടു വരിക.

## യുഗശബ്ദം



നിങ്ങളുടെ ഈ പരിഷ്ക്കരണം നിങ്ങളെ എവിടം വരെ കൊണ്ടെത്തിക്കും? ഇതിൽ നിന്ന് എന്തെങ്കിലും നേട്ടമുണ്ടെന്ന് ധരിക്കുന്നത് ഭയാനകമായ അബദ്ധമാണ്. പരിഷ്ക്കരണത്തിനായി അല്ലാഹു നബിമാരെ അയക്കുന്ന സുന്നത്താണ് വെച്ചിട്ടുള്ളതെന്ന് നിങ്ങൾ കാണുന്നില്ലേ? നബിമാർ വരുമ്പോൾ ലോകത്ത് പ്രത്യക്ഷത്തിൽ ഒരു വൻകുഴപ്പം ഉണ്ടാകുന്നതായി കാണുന്നു. സഹോദരൻ സഹോദരനിൽ നിന്നും പിതാവ് പുത്രനിൽ നിന്നും അകലുന്നു. ആയിരക്കണക്കിന് ജീവൻ നഷ്ടപ്പെട്ടുപോകുന്നു. നല്ലവണ്ണം ഓർത്തുകൊള്ളുക. മനസ്സുകളുടെ പരിവർത്തനം മനസ്സുകളെ സൃഷ്ടിച്ചവന്റെ പ്രവർത്തിയാണ്. വെറും വാചകകസർത്തുകൾ പരിഷ്ക്കരണമുണ്ടാക്കുകയില്ല. പ്രത്യുത ആ വാചകങ്ങൾക്കുള്ളിൽ ഒരു റൂഹ് അഥവാ ചൈതന്യം ഉണ്ടാകേണ്ടതാണ്. വിശുദ്ധ ഖുർആൻ വായിച്ചിട്ടുള്ളവൻ ഹിദായത്ത് അഥവാ സന്മാർഗ്ഗം ആകാശത്തു നിന്നാണ് വരുന്നതെന്നു പോലും മനസ്സിലാക്കിയിട്ടില്ലെങ്കിൽ പിന്നെന്താണ് അയാൾ മനസ്സിലാക്കിയത്.

# ഹുസൂർ തിരുമനസ്സിലെ പ്രതിനിധികളായി മുന്നേറുക

-ശിറാസ് അഹ്മദ് സാഹിബ് -

**കോഴിക്കോട്:** കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളായി ഭാരവാഹികളും മെമ്പർമാരും പ്രവർത്തിക്കണമെന്ന് നാസിർ തഅ്‌ലിം ഭാരത് ശിറാസ് അഹ്മദ് സാഹിബ് ആഹ്വാനം ചെയ്തു.

ഹുസൂർ തിരുമനസ്സിലെ ഖുത്ബകളും ഉപദേശങ്ങളും, ഒരോ വാക്കും ഒരോ ചലനവും നമ്മുടെ ജീവിതത്തിലേക്ക് പകർത്തുവാനും ഇരുപത്തിനാല് മണിക്കൂറും കർമ്മ നിരതനായ ഹുസൂർ തിരുമനസ്സിലെ ജീവിതചര്യകൾ വിശദീകരിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു.

നാസിർ തഅ്‌ലിം ഭാരത് ആയി തെരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള ആദ്യകേരള സന്ദർശനത്തിൽ കോഴിക്കോട് അഹ്മദിയ്യാ മിഷ്യനിൽ സംഘടിപ്പിച്ച തഅ്‌ലിം യോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ആത്മീയവും ഭൗതീകവുമായ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം മുന്നേറണമെന്നും കാലഘട്ടത്തിന്റെ ആവശ്യം വിജയത്തിലൂടെ മുന്നേറുന്ന സമൂഹമാണെന്നും അദ്ദേഹം പറഞ്ഞു. ഉന്നതമായ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരോ അഹ്മദിയും ബോധവാൻമാരാകണമെന്നും ഇതിനായി പ്രാദേശിക തഅ്‌ലിം തർബിയ്യത്തിന്റെ കീഴിൽ പല പദ്ധതികളും ആസൂത്രണം ചെയ്യണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഖലീഫമാരുടെ ഖുത്ബകളുടെ വിശദീകരണമായിരുന്നു അദ്ദേഹം നൽകിയത്.

**കൗൺസിലിംഗ് പരമ പ്രധാനം**

ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശമനുസരിച്ച് വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെ പറ്റി അഹ്മദിയ്യാ വിദ്യാർത്ഥി സമൂഹത്തെ ബോധവത്ക്കരിക്കുവാൻ ഒരോ മേഖലയിലും തഅ്‌ലിം തർബിയത്ത് വകുപ്പിന്റെ കീഴിൽ കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കാനും ഇത് വഴി വ്യക്തമായ മാർഗ്ഗ നിർദ്ദേശം വിദ്യാർത്ഥികൾക്ക് നൽകാനും ഭാസുരമായ ഭാവി വിദ്യാർത്ഥികൾക്ക് കാണിച്ച് കൊടുക്കാനും സാധിക്കും.

കൗൺസിലിംഗ് മുഖാന്തരം അഹ്മദിയ്യാ വിദ്യാർത്ഥികളെ ഏകോപിപ്പിക്കാനും ഉന്നതമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപറ്റി വിദ്യാർത്ഥികളെ നിരന്തരം ഉണർത്തുവാനും ആവശ്യാനുസരണം അവർക്കു മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കാനും സാധിക്കുന്നതാണ്.

കൗൺസിലിങ്ങിൽ മാതാപിതാക്കളെയും വിദ്യാർത്ഥികളെയും സജീവമായി പങ്കെടുപ്പിക്കാനും അങ്ങനെ ഉന്നതമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കുന്നതാണ്.

മറ്റൊരു പ്രധാന നിർദ്ദേശമാണ് ഓരോ മേഖലയിലും വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെ സംബന്ധിച്ചുള്ള സ്റ്റാളുകൾ തുറക്കൽ. അതുപോലെ സമയത്തെ സം ബന്ധിച്ചും നാം കുട്ടികളെ ബോധവത്ക്കരിക്കണം. സമയത്തിന്റെ വിലശരിയാംവണ്ണം മനസ്സിലാക്കി കൊടുക്കുകയും അങ്ങനെ സമയത്തെ പൂർണ്ണമായും പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ പുരോഗതിക്കായി വിനിയോഗിക്കുകയും വേണം.

**ലക്ഷ്യം ഉന്നതമാവണം**

ഹസ്റത്ത് ഖലീഫത്തുൽ മസീഹ്ലെ മറ്റൊരു പ്രധാന ഉപദേശം വിദ്യാർത്ഥികളെ ഏകോപിപ്പിക്കാനും ഉന്നതമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ പറ്റി വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുത്തുകൊണ്ട് അവരെ ഹുസൂർ തിരുമനസ്സിലെ പ്രതിനിധികളാക്കി മാറ്റുക എന്നതാണ്. നാം ജീവിക്കുന്ന കാലഘട്ടം വിജ്ഞാനത്തിന്റെ ഉന്നത നി ലവാരം പുലർത്തുന്ന കാലമാണ് അതുകൊണ്ട് ഒരോ വിദ്യാർത്ഥിയെയും മെഡിക്കൽ എഞ്ചിനീയറിങ്ങ്, പി. എച്ച്.ഡി. അത് പോലെ സാങ്കേതികമായി ഏറ്റവും ഉയർന്ന് നിൽ ക്കുന്ന ഒരോ മേഖലയെ സംബന്ധിച്ചും ചെറുപ്പം മുതൽ തന്നെ വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ഇതാണ് നമ്മുടെ ലക്ഷ്യം എന്നും ഇതിലേക്കാണ് എത്തിച്ചേരേണ്ടതെന്നും അവർക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്യണം. ഉന്നതമായ എല്ലാ വൈജ്ഞാനിക മേഖലകളും കീഴടക്കാൻ അഹ്മദിയ്യ വിദ്യാ ർത്ഥികൾക്ക് സാധിക്കണം. ഉന്നത പുരസ്ക്കാരമായ നോബൽ സമ്മാനം നേടുന്ന തരത്തിലുള്ള വി ജ്ഞാനത്വര അഹ്മദിയ്യാ വിദ്യാർത്ഥികൾ ചെറുപ്പം മുതൽ തന്നെ വളർത്തിയെടുക്കാൻ ശ്രമിക്കണം. അങ്ങനെ ഭാവിയിലെ എല്ലാ വൈജ്ഞാനിക മേഖലകളിലും അഹ്മദിയ്യാ വിദ്യാർത്ഥികൾ നിർണ്ണായകമായ പങ്ക് വഹിക്കണം.

**പത്രപ്രവർത്തനം**

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അഹ്മദിയ്യാ വിദ്യാർത്ഥികളെ പത്ര പ്രവർത്തനത്തിന്റെ ആവശ്യകതയെയും അത് ഈ കാലഘട്ടത്തിൽ ജമാഅത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ആവശ്യമാണെന്നും ഉദ് ബോധിപ്പിച്ചു. പത്രം എന്നുള്ളത് ഒരു സാമൂഹിക സ്ഥാപനമാണ്. സമൂഹത്തിന്റെ ആവശ്യങ്ങൾ നേടുന്നതിന് പത്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. അതുകൊണ്ട് കഴിവിന്റെ പരമാവധി വിദ്യാർത്ഥികൾ ഈ രംഗത്തേക്ക് കടന്ന് വരണം യഥാർത്ഥ പത്രധർമ്മം നിർവ്വഹിക്കുന്നവരായി നാം മാറുകയും അത് വഴി ധാർമ്മികമായി ഉയർന്ന് നിൽക്കുന്ന സമൂഹം കെട്ടിപ്പടുക്കാൻ സാധിക്കുന്നതാണ്. അത് പോലെ തന്നെ അഹ്മദിയ്യാ വിദ്യാർത്ഥികൾ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുകയും സമൂഹവുമായി പരമാവധി ഇടപെടുകയും അങ്ങനെ സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്നവരായി മാറുകയും ചെയ്യണം. ഇങ്ങനെ എല്ലാ രൂപത്തി ലും സമൂഹത്തെ നയിക്കാൻ പ്രാപ്തരാകുന്നവരായി നാം മാറണം.

**വിദ്യാഭ്യാസം മാനുഷികമൂല്യങ്ങൾക്ക്**

നാം ഉയർന്ന ഭൗതിക വിദ്യാഭ്യാസം നേടുന്നതോടൊപ്പം തന്നെ ആത്മീയ വിദ്യാഭ്യാസവും ഉയർത്തണമെന്ന് ഹുസൂർ ഉപദേശിക്കുന്നു. ഭൗതിക വിജ്ഞാനങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള മഹത്തായ ഒരു ധാർമ്മിക സമൂഹമാണ് അഹ്മദികൾ എന്ന് ലോകത്തിന് കാണിച്ച് കൊടുക്കണം. അതുകൊണ്ട് അഹ്മദീ വിദ്യാർത്ഥികൾ ഈ രണ്ട് വിദ്യാഭ്യാസത്തിലും ഉയർന്ന നിലവാരം പുലർത്തുകയും എല്ലാവിധ വിദ്യാഭ്യാസവും ജമാഅത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി വിനിയോഗിക്കണമെന്നും ഹുസൂർ ആറിയിച്ചു. അങ്ങനെ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥമായ വശം അംഗീകരിക്കുകയും ഇതെല്ലാം മാനുഷികമൂല്യങ്ങൾക്ക് അനുസൃതമായ രീതിയിൽ നന്മയിലും നീതിയിലും അധിഷ്ഠിതമായിരിക്കുകയും വേണം. പൂർണ്ണമായും മാനുഷിക മൂല്യങ്ങൾ ഉൾകൊണ്ടുള്ള വിദ്യാഭ്യാസം ആയിരിക്കണം അഹ്മദികൾ കാഴ്ച വെക്കേണ്ടത്.

**തിരുമനസ്സിലെ അഭിലാഷം**

അവസാനമായി ശിറാ സ് സാഹിബ് ഹസ്റത്ത് ഖലീഫത്തുൽ മസീഹിലെ ആഗ്രഹ അഭിലാഷങ്ങൾ കേൾപ്പിക്കുകയും, എന്താണ് ഹസ്റത്ത് അമീറുൽ മു അ്മിനീൻ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കി. അഹ്മദീ വിദ്യാർത്ഥികൾ എല്ലാ വിധത്തിലും വികാസം പ്രാപിക്കുകയും എല്ലാ വിഷയത്തിലും അവഗാഹം നേടണമെന്നും ഹുസൂർ തിരുമനസ്സ് ആഗ്രഹിക്കുന്നു അഹ്മദി വിദ്യാർത്ഥികൾ പഠിക്കുന്ന പാഠശാലകളിൽ ആദ്യ പത്ത് സ്ഥാനങ്ങൾ അഹ്മദികൾ കരസ്ഥമാക്കണമെന്നും ശാസ്ത്രം, മതം, സാമ്പത്തികം, ചരിത്രം തുടങ്ങി എല്ലാ വിഷയത്തിലും അഹ്മദി വിദ്യാർത്ഥികൾ മുന്നേറണമെന്നും ഹുസൂർ തിരുമനസ്സ് ആഗ്രഹിക്കുന്നു. അമേരിക്കയിൽ പതിനാലു മണിക്കൂറും യൂറോപ്പിൽ13 മണിക്കൂറും റഷ്യയിൽ 12 മണിക്കൂറും വിദ്യാർത്ഥികൾ പഠനത്തിനായി വിനിയോഗിക്കുന്നു. അഹ്മദി വിദ്യാർത്ഥികൾ കുറഞ്ഞ പക്ഷം പത്തു മണിക്കൂറെങ്കിലും പഠിക്കണമെന്നും ഹുസൂർ തിരുമനസ് ആഗ്രഹിക്കുന്നു. അതുപോല തന്നെ പഠനത്തിന്റെ അവസാന 15 മിനിട്ട് പൊതു വിജ്ഞാനവും ഉറങ്ങുന്നതിനു മുമ്പ് 15 മിനുട്ട് ഹസ്റത്ത് മസീഹ് മൗഊദിന്റെ പുസ്തകം പാരായണം ചെയ്യണമെന്നും ഹുസൂർ തിരുമനസ് ആഗ്രഹിക്കുന്നു. പരീക്ഷാ പേപ്പർ കിട്ടിയ ഉടനെ തന്നെ ദുആ ചെയ്യണമെ ന്നും അതിനു ശേഷം മാത്രമെ എഴുത്ത് ആരംഭിക്കാവൂ എന്നും ഹുസ്സൂർ പറഞ്ഞു. അങ്ങിനെ നന്മയിലും ദുആയിലും അധിഷ്ഠിതമായ ഒരു പുതിയ സമൂഹം ഉടലെടുക്കുകയും യഥാർത്ഥ ഇസ്‌ലാമിക സമൂഹം ഉദയം ചെയ്യുകയും ചെയ്യുന്നതാണ്.

ബഹുമാന്യനായ കോഴിക്കോട് മേഖലാ അമീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ മൗലവി മുഹമ്മദ് ഉമർ സാഹിബ്, കോഴിക്കോട് ജമാത്ത് തഅ്‌ലിം സെക്രട്ടറി ഈസക്കോയ സാഹി ബ് തുടങ്ങിയവർ സംബന്ധിച്ചു. ശിറാസ് അഹ്മദ് സാഹിബിന്റെ പ്രഭാഷണം ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് പരിഭാഷപ്പെടുത്തി.



## മജ്‌ലിസ് അൻസാറുല്ലാ ഇജ്തിമ

ഘാംബിയ : മജ്‌ലിസ് അൻസാറുല്ലായുടെ പ്രഥമ ഇജ്തിമ റോബിയായിലെ ടാലിങ്ങിലുള്ള ബൈത്തു സലാം പള്ളിയിൽ വെച്ച് ഫെബ്രുവരി 11 ന് ചേർന്നു. ടാലിങ്ങിലെ അമീർ ബാബാ. എഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വാഗ്ദത്ത പരിഷ് കർത്താവ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബാണ് മജ്‌ലിസ് അൻസാറുല്ലാക്ക് രൂപം കൊടുത്തത്. മുസ്‌ലിഹ് മൗഊദ്(അ) ഏത് ഉദ്ദേശത്തോടെയാണോ ഈ പ്രസ്ഥാനത്തിന് രൂപം നൽകിയത് ആ ഉദ്ദേശ്യങ്ങൾ നാം നമ്മുടെ ജീവിതത്തിൽ പകർത്തണം. സദാസമയവും ദിക്റിലും ദൈവസ്മരണ നിലനിർത്തുന്നതിലും നാം ശ്രദ്ധിക്കണം. ദൈവസ്മരണയാണ് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളത്. സാമൂഹ്യവും, മതപരവുമായ ഔന്നത്യത്തിൽ എത്തണമെങ്കിൽ നാം നമ്മുടെ വീടുകൾ തസ്ബീഹും സ്വലാത്തും കൊണ്ട് അലങ്കരിക്കേണ്ടിയിരിക്കുന്നുവെന്നും അമീർ സാഹിബ് സഹോദരങ്ങളോട് പറഞ്ഞു.

## ഖുദ്ദാം അത്ഫാൽ തർബിയ്യത്ത് ക്യാമ്പ്

ബെൽജിയം : മാർച്ച് 3 മുതൽ 5 വരെ ബൈത്തുൽ ഇസ് ലാം പള്ളിയിൽ വെച്ച് ഖുദ്ദാം അത്ഫാൽ തർബിയത്ത് ക്യാമ്പ് സംഘടിപ്പിച്ചു. വ്യത്യസ്ത വേദികളിലായി വിവിധ മത്സരങ്ങൾ നടന്നു. കൂടാതെ വിജ്ഞേയമായ ക്ലാസ്സും പുസ്തകശാലയും പരിപാടിയുടെ മാറ്റ് കൂട്ടി.

## ഗവൺമെന്റിന്റെ പ്രവണത മതഭ്രാന്ത് അടക്കാൻ മതിയായത്

### അഹ്മദിയ്യാ നേതാക്കൻമാർ യു. എസ് കമ്മീഷനോട് പറയുന്നു

അന്തർദേശീയ മതസ്വാതന്ത്ര്യത്തോടനുബന്ധിച്ച് ബക്ഷിബസാറിലെ കേന്ദ്ര കാര്യാലയത്തിൽ വെച്ച്, യുഎസ് കമ്മീഷൺ, ബംഗ്ലാദേശ്- അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതാക്കളുമായി സമ്മേളിച്ചു. 2003 നവംബർ മുതൽ അഹ്മദികളുടെ നേരെയുണ്ടായ ആക്രമണങ്ങളെ പറ്റി വിവരിച്ചു കൊണ്ട് ഗവൺമെന്റിന്റെ പ്രവണത വിശ്വാസപ്രമാണിമാരെ അടക്കാൻ മതിയാകുന്നതാണെന്ന് അഹ്മദിയ്യാ നേതാക്കൾ പറഞ്ഞു.

നാരായൺഗഞ്ജിലും, സത്ഖീറയിലും മൈമെൻസിങ്ങിലും ഉള്ള നമ്മുടെ പള്ളികൾ പിടിച്ചടക്കാനുള്ള ശ്രമത്തെ പരാജയപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിന് മതഭ്രാന്തിനെ നിയന്ത്രിക്കാനും, നിർത്തലാക്കാനുമുള്ള കഴിവുണ്ടെന്നും തെളിയിച്ചിരിക്കുന്നു. കേന്ദ്ര അഹ്മദിയ്യാ മിഷണറി അബ്ദുൽ അമൽ ഖാൻ ചൗധരി പറഞ്ഞു.



വൈസ് ചെയർമാൻ ഫെലിസ് ഡി. ഗായെർ, കമ്മീഷണർ പ്രീത ബാൻസൽ, എക്സിക്യൂട്ടീവ് ഡയറക്ടർ. ജോ ക്രാപാ, ഡെപ്യൂട്ടി ഡയറക്ടർ പോലിസി ടാഡ് സ്റ്റാൻ കെ, സീനിയർ പോലിസ് അനാലിസർ-സ്റ്റീവ്- സ് നോ, പൊളിറ്റിക്കൽ ഇൻചാർജ്ജ് ഡെനിസ് ജോബിൻ വെൽവ്വ് എന്നിവരടങ്ങുന്ന സംഘത്തെ ചെയർമാൻ ഓഫ് കമ്മീഷൺ മൈക്കിൾ കോമാറ്റീ നയിച്ചു.

അഹ്മദിയ്യാ നാഷണൺ അമീർ മുബഷിറു റഹ്മാൻ, നാഇബ് അമീർ പ്രൊഫസർ മീർ മുബഷിർ അലി, കേന്ദ്ര കമ്മിറ്റി അംഗങ്ങൾ മീർ താരിഖ് അലി, അഹ്മദ് തബ്ഷീർ ചൗധരി, ബഷീർ എ.കെ. മൗധരി എന്നിവരും മീറ്റിങ്ങിൽ പങ്കെടുത്തു.

അഹ്മദിയ്യത്തിനെതിരെ പ്രക്ഷോഭം നയിച്ചതിന് രണ്ട് സംഘടനകളെ ബംഗ്ലാദേശ് ഗവൺമെന്റ് നിരോധിച്ച സംഭവത്തെ യു.എസ്. സംഘം സൂചിപ്പിച്ചപ്പോൾ ബോംബിങ്ങ് ഉൾപ്പടെയുള്ള സമരമാർഗങ്ങൾ ചെയ്തത് കൊണ്ടാണ് അവരെ നിരോധിച്ചതെന്ന് അഹ്മദിയ്യാ നേതാക്കന്മാർ ചൂണ്ടിക്കാട്ടി.

ബംഗ്ലാദേശ് ഗവൺമെന്റ് അഹ്മദികളെ എതിരാളികളുടെ രോഷത്തിൽനിന്ന് രക്ഷിക്കുന്നതിന് വേണ്ടി അഹ്മദിയ്യാ പബ്ലിക്കേഷനു മേൽ നിയന്ത്രണം ചുമത്തിയ സംഭവത്തെ കമ്മീഷൺ അംഗങ്ങൾ പ്രസ്താവിച്ചു. ഇത് ഒടുവിൽ ബംഗ്ലാദേശിലെ അഹ്മദികളോടുള്ള പീഡനം തീവ്രമാക്കുന്നതിന് എതിരാളികളെ പ്രോത്സാഹിപ്പിക്കുകയായിരുന്നു എന്ന് അഹ്മദിയ്യാ നേതാക്കൻമാർ പറഞ്ഞു.

പബ്ലിക്കേഷൻസിന് മേലുള്ള നിയന്ത്രണം റദ്ദാക്കാനും എതിർ സംഘടനകളുടെ നിയന്ത്രണത്തിലുള്ള അഹ്മദിയ്യാ പള്ളികൾ അവർക്ക് തിരിച്ച് നൽകാനും അഹ്മദിയ്യാ നേതാക്കന്മാർ ആവശ്യപ്പെട്ടു

## ഇരുട്ടിന്റെ ആത്മാക്കളുടെ മുറവിളി

*- സ്വന്തം ലേഖകൻ -*

ലുധിയാന: ഖലീഫത്തുൽ മസീഹ് ഖാമിസി (അ.ബ)നെ പഞ്ചാബിൽ കാലുകുത്താൻ അനുവദിക്കരുതെന്നും, ഗവൺമെന്റ് അതിഥിയായി സ്വീകരിക്കരുത് എന്നും പറഞ്ഞുകൊണ്ട് സുന്നി മുസ്‌ലിംകൾ മുറവിളികൂട്ടി. തങ്ങളുടെ പ്രതിഷേധം അറിയിക്കുന്നതിനായി ലുധിയാന തെരുവിലൂടെ പ്രകടനവും നടത്തി. അഹ്മദിയ്യാ ഖലീഫ പഞ്ചാബ് വിടുക, പഞ്ചാബ് സർക്കാർ 24 മണിക്കൂറിനകം ഖലീഫയെ പുറത്താക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കുന്നുണ്ടായിരുന്നു. ഖാദിയാനികൾ എന്നറിയപ്പെടുന്ന അഹ്മദിയ്യാ മുസ്‌ലിംകൾ ഇസ് ലാമിൽനിന്നും പുറത്താണെന്നും, അവരുടെ വിശ്വാസങ്ങൾ ഇസ് ലാമിൽ നിന്നും വ്യതിരിക്തമാണെന്നും അവർ ആരോപിക്കുന്നു. അഹ്മദികൾ അന്ത്യ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ.അ) യിൽ വിശ്വാസമില്ലാത്തവരും, ഹസ്റത്ത് അഹ്മദ്(അ)നെ റസൂലുല്ലായുടെ സ്ഥാനത്ത് അവരോധിക്കുന്നു എന്നും ഇവർ ആരോപിച്ചു. അഹ്മദി ഇമാമിനെ ഉടനെ പുറത്താക്കിയില്ലെങ്കിൽ ഈ പ്രശ്നം പാർലമെന്റിൽ ഉന്നയിക്കുമെന്ന് അവർ ഭീഷണിപ്പെടുത്തി.

## യൗമെ തഅ്‌ലീം ദിനം

ബെൽജിയം - മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യൗമെ തഅ്‌ലീം 6ന് നടന്നു. ദൈവാസതികൃത്തെക്കുറിച്ച് ക്ലാസ് നടത്തപ്പെട്ടു. നഗരത്തിലെ ഉയർന്ന പോലീസ് ഓഫീസർ, സെക്കന്ററി സ്ക്കൂൾ ഡയറക്ടർ തുടങ്ങി ഒട്ടേറെ പേർ പുറത്തുനിന്നു പങ്കെടുത്തു. ഫ്രഞ്ച്, ജർമ്മൻ ഭാഷകളിലായിരുന്നു പ്രസംഗങ്ങൾ പരിപാടിയിൽ ഇസ്‌ലാംമത തത്വജ്ഞാനം എല്ലാവർക്കും വിതരണം ചെയ്തു.



*കോഴിക്കോട് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച മാനവ ആത്മീയ നവോത്ഥാന സന്ദേശ യാത്രക്ക് അമീർ എ.പി.കുഞ്ഞാമു സാഹിബ് ഫ്ളാഗ് ഓഫ് ചെയ്യുന്നു. ഇതുവരെ ജില്ലയുടെ 70 കേന്ദ്രങ്ങളിൽ പ്രചരണം നടത്തുകയുണ്ടായി.*

### ജർമ്മൻ ഖുദ്ദാമുൽ അഹ്മദിയ്യാ സ്പോർട്സ് മീറ്റ്

ദേശീയ ഇജ്തിമക്ക് മുന്നോടിയായി ഖുദ്ദാമുൽ അഹ്മദിയ്യാ വോളിബോൾ, ബാസ്ക്കറ്റ് ബോൾ മത്സരങ്ങൾ ജർമ്മനിയിൽ നടന്നു. 118 പേർ പങ്കെടുത്തു.

## എറണാകുളം മേഖലാ സമ്മേളനം

19-ാം തിയ്യതി ഞായറാഴ്ച അഹ്മദിയ്യാ മസ്ജിദിൽ വെച്ച് മേഖലാ അമീർ ജനാബ് അഹ്മദ് കബീർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ എറണാകുളം മേഖലാ സമ്മേളനം ആരംഭിച്ചു. തിലാവത്തിനും പദ്യപാരായണങ്ങൾക്കു ശേഷം അദ്ധ്യക്ഷൻ ഇന്നത്തെ മുസ്‌ലിംകളുടെ ശോചനീയാവസ്ഥയെ കുറിച്ചും അതിനുള്ള പരിഹാരങ്ങളെക്കുറിച്ചും വിശദീകരിച്ചു. പിന്നീടു ആശംസാ പ്രസംഗം നടത്തിയ ജനാടബ് സജിത്ത് സാഹിബ് പടിയത്ത് തന്റെ ഖാദിയാൻ സന്ദർശനത്തെ കുറിച്ചും ഖലീഫത്തുൽ മസീഹുമായി ബന്ധപ്പെട്ട തന്റെ അനുഭവങ്ങളെക്കുറിച്ചും ഹൃദയസ്പൃക്കായ നിലയിൽ വിശദീകരിച്ചു. അതിനു ശേഷം പ്രസംഗിച്ച മൗലവി. മുഹമ്മദു ഉമർ സാഹിബ് ഖിലാഫത്തിന്റെ മഹനീയാനുഗ്രഹങ്ങളെക്കുറിച്ചും നമ്മുടെ ഉത്തര വാദിത്തങ്ങളെ കുറിച്ചും വിശദീകരിച്ചു സംസാരിക്കുകയുണ്ടായി. ഈ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മൗലാനാ ഇനാം ഗോരി സാഹിബ് അഹ്മദിയ്യാ ജമാ അത്തിന് ആഗോളാടിസ്ഥാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിജയങ്ങളെയും ശത്രുക്കളുടെ പതനങ്ങളെയും മേഖലാടിസ്ഥാനത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ അ നുഗ്രഹീതഫലങ്ങളെയും കുറിച്ച് സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. സമ്മേളനത്തിന്റെ ആദ്യ സെഷൻ നമസ്കാരം, ഉച്ചഭക്ഷണം, വിശ്രമം എന്നിവയോടെ സമാപിക്കുകയുണ്ടായി.

തദനന്തരം ജനാബ്. പി.കെ. അബൂബക്കർ സാഹിബിന്റെ (തെക്കൻ മേഖല ഖാഇദ്) അദ്ധ്യക്ഷതയിൽ നടന്ന രണ്ടാം സെഷനിൽ മൗലവി ടി.ശഫീഖ് അഹ്മദ് സാഹിബ് മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവർ യഥാക്രമം വസിയത്തും സാമ്പത്തിക ത്യഗവും, ഹസ്റത്ത് മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനങ്ങളും അതിന്റെ പുലർച്ചയും, സീറത്തു നബി എന്നീ വിഷയങ്ങളെ ആസ്പദിച്ചു സംസാരിച്ചു.

ഈ സമ്മേളനത്തിൽ മേഖലാ ജമാഅത്തുകളിൽ നിന്നും 350 പേർ പങ്കെടുത്തു. ധാരാളം സ്ത്രീകളും സന്നിഹിതരായിരുന്നു.

## അൻസാറുല്ലാ ഭാരവാഹികൾക്കുള്ള കോഴ്സ്

യു.കെ : ' ഭാരവാഹികളുടെ ഉത്തരവാദിത്വത്തെ കുറിച്ചും കൃത്യ നിർവ്വഹണത്തിൽ വരുന്ന പ്രശ്നങ്ങളെങ്ങനെ പരിഹരിക്കാമെന്ന വിഷയത്തെ മുൻനിർത്തിയും മജ്‌ലിസ് അൻസാറുല്ലാ യു.കെ. രണ്ട് റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിച്ചു. സദർ മജ്‌ലിസ് അൻസാറുല്ലാ അധ്യക്ഷം വഹിച്ചു. സംശയ നിവാരണവും നടന്നു.

## ബംഗ്ലാദേശിൽ ജൽസ

**ചിറ്റഗോങ്ങ്:** മാർച്ച് 3,4 തിയ്യതികളിൽ ബംഗ്ലാദേശിലെ രണ്ടാമത്തെ വലിയ പട്ടണമായ ചിറ്റാഗോങ്ങിൽ ജൽസ നടക്കുകയുണ്ടായി. അമീറുൽ മുഅ്മിനീന്റെ പ്രതിനിയായി മൗലാനാ ഫിറോ സ് ആലു സാഹിബ് ജൽ സയിൽ പങ്കെടുത്തു. വാഗ്ദത്ത മഹ്ദിമസീഹിന്റെ സാഹാബിയായിരുന്ന ഹദ്റത്ത് അഹ്മദ് കബീർ നൂർ അഹ്മദ് സാഹിബ്(റ)ന്റെ ജൻമസ്ഥലമാണ് ചിറ്റാഗോങ്ങ്

### പ്രത്യേക ശ്രദ്ധയ്ക്ക്

അൽഹഖിലേക്കുള്ള വാർത്തകളും ലേഖനങ്ങളും ഫോട്ടോകളും എല്ലാ മാസവും 15-ാം തീയ്യതിക്കുള്ളിൽ താഴെകാണുന്ന വിലാസത്തിൽ അയച്ചു തരണമെന്ന് ഇലാഖ ഖായിദ് ഡോ: സലാഹുദ്ദീൻ സാഹിബ് അറിയിക്കുന്നു.

വിലാസം-

എഡിറ്റർ,
അൽഹഖ്,
C/o. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ,
കണ്ണൂർ സിറ്റി - 670 003

ഫോൺ നമ്പറിൽ മാറ്റം
**ചീഫ് മിഷ്യനറി കേരളാ മൗലവി മുഹമ്മദ് ഉമർ സാഹിബ്**
മൊബൈൽ : 9895308227
റെസിഡൻസ് : 0495 5536448

**അറിയിപ്പ്**

# മജ്‌ലിസ് അത്ഫാലുൽ അഹ്‌മദിയ്യാ ഭാരത്

എല്ലാ ഖാഇദ്മാരുടെയും അത്ഫാൽ നാസിമാരുടെയും ശ്രദ്ധക്കായി അറിയിക്കുന്നു. അത്ഫാലുൽ അഹ്‌മദിയ്യായുടെ 11-ാം വാർഷിക പ്രബന്ധ മത്സര (2005-06) ത്തിനായി സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ഭാരത് താഴെ കൊടുത്തിരിക്കുന്ന വിഷയത്തിനുള്ള അനുവാദം നൽകിയിരിക്കുന്നു.

**വിഷയം:- ഹസ്റത്ത് മൗലാനാ ഹകീം നുറുദ്ദീൻ(റ)ന്റെ ചരിത്രം**

കഴിയുന്നത്ര അത്ഫാലുകളെ ഈ മത്സരത്തിൽ പങ്കെടുപ്പിക്കുമെന്നപേക്ഷിക്കുന്നു. ഇതിനായി താങ്കൾ പ്രത്യേകം താൽപര്യം പ്രകടിപ്പിക്കണം.

**നിബന്ധനകൾ**

1. പ്രബന്ധം ഏത് ഭാഷയിലും എഴുതാം.
2. പ്രബന്ധം കുറഞ്ഞപക്ഷം മൂവ്വായിരം(3000) വാക്ക് അടങ്ങിയതായിരിക്കണം
3. പ്രബന്ധം എഴുതുമ്പോൾ പേജിന്റെ രണ്ടിടത്തും മാർജിൻ വിട്ട് എഴുതുക. പേജിന്റെ ഒരു ഭാഗത്ത് മാത്രം എഴുതുക.
4. ഉദ്ധരണി എഴുതുമ്പോൾ പുസ്തകത്തിന്റെ പേരും പേജും ഏത് വർഷം എഴുതിയതാണെന്നും വ്യക്തമാക്കണം.
5. പ്രബന്ധത്തിന്റെ ആരംഭത്തിൽ കുട്ടിയുടെ പേര്, പിതാവിന്റെ പേര്, വയസ്സ്, മജ്‌ലിസിന്റെ പേര്, മുഴുവൻ വിലാസം എന്നിവ എഴുതണം.
6. പ്രബന്ധത്തിൽ ഖാഇദ് സാഹിബിന്റെ സാക്ഷ്യപ്പെടുത്തൽ വേണം.
7. എവിടെയും ചുവന്ന മഷി ഉപയോഗിക്കരുത്.
8. എല്ലാ അത്ഫാലുകളും പ്രബന്ധം സ്വന്തം കൈകൊണ്ട് തന്നെ എഴുതണം.
9. പ്രബന്ധം അയക്കേണ്ടുന്ന അവസാന തിയ്യതി 15 ആഗസ്റ്റ് 2006 ആണ്.
10. പ്രബന്ധത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം കരസ്ഥമാക്കുന്ന അത്ഫാൽ സഹോദരൻമാർക്ക് വാർഷിക ഇജ്തിമയുടെ അവസരത്തിൽ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. കൂടാതെ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ അത്ഫാൽ സഹോദരൻമാർക്കും സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.
11. സമ്മാനാർഹമായ പ്രബന്ധത്തെ കുറിച്ച് മജ്‌ലിസിന്റെ തീരുമാനം അന്തിമമായിരിക്കും.
12. മജ്‌ലിസ് ഖാഇദ് നിർബന്ധമായും ഇതിന്റെ മേൽനോട്ടം വഹിക്കണം. 20 മാർക്ക് വരെ നൽകാൻ മജ്‌ലിസ് ഖാഇദിന് അവകാശമുണ്ട്.

# സലാം പറയുന്നത് ശീലമാക്കുക

- ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) -

(26.2.06 ലണ്ടൻ) : പള്ളിയിൽ വെച്ച് മുതിർന്നവരെ കാണുമ്പോൾ സലാം പറയുക. വീട്ടിലേക്ക് കയറുമ്പോഴും രാവിലെ ഉറങ്ങി എഴുന്നേറ്റാലും വീട്ടിലുള്ളവർക്ക് സലാം പറയുന്ന ശീലം വളർത്തുക. എല്ലാവരോടും സലാം പറയുന്ന ശീലം സ്വായത്തമാക്കുക. മാതാപിതാക്കളെ അനുസരിക്കുക. വാശി ഒഴിവാക്കുക. ചെറുപ്പത്തിലേ അനുസരണശീലമുണ്ടായാൽ വലുതായാലും അത് നിലനിൽക്കും. അപ്പോൾ ഖുദ്ദാമുൽ അഹ്‌മദിയ്യാ സദർ അമീർ ജമാഅത്ത് തുടങ്ങിയവർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. നന്നായി പഠിക്കുക. വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യം നേടുക. വാഗ്ദത്ത മഹ്ദി മസീഹിന് അല്ലാഹു നൽകിയ വെളിപാടുകളിൽ 'എന്നിൽ വിശ്വസിച്ചവർക്ക് ലൗകികവും മതപരവുമായ വിജ്ഞാനം അധികമായി നൽകുന്നതാണെന്ന്' സുവാർത്ത നൽകി. അവരിൽ ധിഷണാശാലികൾ ഉണ്ടാവുമെന്നും. അല്ലാഹു തീർച്ചയായും വാഗ്ദാനം പൂർത്തിയാക്കാറുണ്ട്. എന്നാൽ നാം കഠിനാദ്ധ്വാനത്തിൽ ഏർപ്പെടണം. പാഠ്യവിഷയങ്ങളിൽ നല്ല ഗ്രേഡ് കരസ്ഥമാക്കുക. അത്ഫാൽ പ്രതിജ്ഞയിൽ സത്യം മാത്രം പറയും എന്ന് ഉരുവിടാറുണ്ടല്ലോ ഈ കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കണം. കൂട്ടുകാരൊത്ത് തമാശയിൽ പോലും കളവ് പറയരുത്.സത്യം പറയുന്നത് വഴി എന്ത് ബുദ്ധിമുട്ടുണ്ടായാലും ചീത്ത കേൾക്കേണ്ടിവന്നാലും ശിക്ഷ തന്നെ അനുഭവിക്കേണ്ടി വന്നാലും കളവ് പറയരുത്. സത്യത്തിൽ ഉറച്ച് നിൽക്കുക. ജുമുഅക്ക് പള്ളിയിൽ എത്തുവാൻ സാധിക്കുന്നില്ലെങ്കിൽ ആഴ്ചയിൽ ഏതെങ്കിലും ദിവസം എം.ടി.എ യിൽ ഖുത്ബ കേൾക്കുക. വിജ്ഞാനപ്രദമായ മറ്റു പരിപാടികളിലേതെങ്കിലും കാണുന്ന ശീലം വളർത്തിയെടുക്കുക. വളരെ നല്ല പരിപാടികൾ സംപ്രേഷണം ചെയ്തു വരുന്നുണ്ട്. ക്ലാസുകളിലൂടെ ലഭിച്ച പാഠങ്ങൾ ജീവിതത്തിൽ ശീലമാക്കുക. സ്വയം ശിക്ഷണം ലഭിച്ചവരായാലെ ഭാവിയിൽ മറ്റുള്ളവർക്ക് അത് കൈമാറാൻ സാധിക്കുകയുള്ളു.

**ഫെബ്രുവരി 25,26 തിയ്യതികളിൽ അത്ഫാലുൽ അഹ്‌മദിയ്യാ ക്യാമ്പ് ലണ്ടനിൽ നടന്നു. 25/2/06 ന് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ യു.കെ ജനാബ് മിർസാ ഫഹർ അഹ്‌മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്ന പരിപാടി ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു)ന്റെ നിർദ്ദേശപ്രകാരം കഴിഞ്ഞ 2 വർഷമായി ഖുദ്ദാമുൽ അഹ്‌മദിയ്യാ ആണ് നടത്തുന്നത്. ദ്വിദിന പരിപാടിയുടെ രണ്ടാം ദിവസത്തെ സമാപന ചടങ്ങിൽ ഹുസൂറിന്റെ അനുഗ്രഹീത പ്രഭാഷണം നടന്നു. ചർച്ചകൾ, ക്ലാസുകൾ, മാർഷ്യൽ ആർട്സ് ട്രെയിനിങ്ങ് എന്നിവ ഉൾപ്പെടുത്തിയിരുന്നു. ലണ്ടൻ അമീർ ജനാബ് റഫീഖ് അഹ്‌മദ് സാഹിബ് പ്രസംഗിച്ചു. 300 അത്ഫാൽ പങ്കെടുത്തു.**

# വഖ്ഫെ നൗ സിലബസ്

17 വയസ്സ് കഴിഞ്ഞവർക്കുള്ള മാർഗ്ഗരേഖ സിലബസിൽ 17 വയസ്സ് വരെയുള്ള വർക്ക് പ്രാഥമിക കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 17ന് മുകളിൽ പ്രായമായവർ.

1. വിശുദ്ധഖുർആൻ തർജ്ജമയും വ്യാഖ്യാനവും പഠിക്കുക.
2. ഹദീസുകൾ പാരായണം ചെയ്യുക
3. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥ പാരായണം. ഉദാ: മൽഫൂസാത്ത് അതുപോലെ ബദർ വാരിക മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ (ഉർദു വായിക്കാൻ സാധിക്കാത്തവർ പഠിക്കുന്നതോടൊപ്പം മലയാളത്തിലുള്ള പുസ്തകങ്ങൾ വായിക്കുക)
4. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുക. തനിക്ക് വേണ്ടിയും ജമാഅത്തിനും മനുഷ്യകുലത്തിനു വേണ്ടിയും ദുആ ചെയ്യുക.
5. ജമാഅത്തിന്റെ ഭാവി വാഗ്ദാനങ്ങളായി മാറാൻ വിദ്യാസമ്പാദനത്തിൽ നൈപുണ്യവും തൊഴിൽപരമായ വിജ്ഞാനവും പരിപോഷിപ്പിക്കുക.
6. ഏറ്റവും നല്ല രീതിയിൽ ജമാഅത്തിനെ സേവിക്കുവാൻ സാധിക്കുന്നതിനായി നിരന്തരം വഖ്ഫെ നൗ വകുപ്പുമായി ബന്ധപ്പെടുകയും ഭാവിയെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും ചെയ്യുക. ഖലീഫത്തുൽ മസീഹ് തിരുമനസ്സുമായി എഴുത്തുമുഖേന വ്യക്തിബന്ധം സ്ഥാപിക്കുക. എം.ടി.എ സ്ഥിരമായി പ്രയോജനപ്പെടുത്തുക. ജുമുഅ ഖുത്ബ നിർബന്ധമായും കാണുകയും കേൾക്കുകയും ചെയ്യുക.

# കേരള പര്യടനം

(3-ാം പേജിൽ നിന്ന്)

ന്റെ റിപ്പോർട്ട് അന്യത്ര ചേർത്തിട്ടുണ്ട്.

26-ാം തിയ്യതി ഞായറാഴ്ച വാണിയമ്പലത്ത് ചേർന്ന തർബിയ്യത്ത് യോഗത്തിൽ രണ്ടുപേരും സംസാരിച്ചു. 27-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് മണ്ണാർക്കാട് മേഖലാ അമീർ ജനാബ് എം.കെ അബ്ദുൾ കരിം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മേഖലാ ജമാഅത്ത് പ്രസിഡന്റുമാരുടെയും ഇതര സെക്രട്ടറിമാരുടെയും മുബല്ലിഗ് മുഅല്ലമീങ്ങളുടെയും ഒരു യോഗത്തിൽ ജനാബ് നാസിർ സാഹിബും ജനാബ് മൗലവി സാഹിബും പ്രസംഗിച്ചു. പൂർവ്വാധികം ഉണർവ്വോടുകൂടി ജമാഅത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ഇരുവരും ആഹ്വാനം ചെയ്തു

അന്നു വൈകുന്നേരം മുറിയക്കണ്ണിയിൽ ചേർന്ന തർബിയ്യത്ത് യോഗത്തിൽ മേഖലാ അമീർ ജനാബ് എം.കെ. അബ്ദുൾ കരിം സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ജനാബ് നാസിർ സാഹിബും ജനാബ് മൗലവി സാഹിബും തർബിയ്യത്തിന്റെ വിവിധ മേഖലകളെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു.

പിറ്റെന്ന് 28-ാം തിയ്യതി ചൊവ്വാഴ്ച പുതിയ ജമാഅത്തായ എടപ്പാൾ സന്ദർശിക്കുകയും നവ അഹ്‌മദികളെയും അവർ മേൽനോട്ടം വഹിച്ച് നിർമ്മിച്ച പള്ളിയും കണ്ടു സന്തോഷപ്പെടുകയുമുണ്ടായി. അന്നു രാത്രി തിരൂർ ജമാഅത്ത് സന്ദർശിച്ചു. പിറ്റേന്നു കോട്ടക്കലിലുള്ള ചില അഹ്‌മദികളെ സന്ദർശിച്ച ശേഷം മഞ്ചേരിക്കു പോയി അവിടെ നിർമ്മാണത്തിലിരിക്കുന്ന മസ്ജിദും അതോടനുബന്ധിച്ചുള്ള മുബല്ലിഗ് കോട്ടേഴ്സും സന്ദർശിക്കുകയും ആ ഭാഗത്തെ പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം പത്തപ്പിരിയം ജമാഅത്ത് സന്ദർശിച്ച് മസ്ജിദിൽ കൂടിയിരുന്ന സഹോദരന്മാരെ ജനാബ് നാസിർ സാഹിബ് അഭിമുഖീകരിച്ച് സംസാരിച്ചു. അന്നുതന്നെ മഗ്‌രിബിനു ശേഷം കരുളായി മസ്ജിദിൽ ജമാഅത്ത് പ്രസിഡന്റ് ജനാബ് അഹ്‌മദ് റശീദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന മുസ്‌ലിഹ് മൗഊദ് ദിന യോഗത്തിൽ ജനാബ് നാസിർ സാഹിബും ജനാബ് മൗലവി സാഹിബും പ്രസംഗിച്ചു.

പിറ്റേന്നു രാവിലെ ചുങ്കത്തറ ജമാഅത്ത് സന്ദർശനാനന്തരം ജനാബ് നാസിർ സാഹിബ് ചെന്നൈയിലേക്കും മൗലവി സാഹിബ് കോഴിക്കോട്ടേക്കും മടങ്ങി. അങ്ങനെ ജനാബ് നാസിർ സാഹിബിനു രണ്ടാഴ്ചക്കകം കേരളത്തിലെ ഒട്ടേറെ ജമാഅത്തുകൾ സന്ദർശിക്കാനും പല തർബിയത്ത് പരിപാടികളിൽ പങ്കെടുക്കാനും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സാധിച്ചു.



*ഖലീഫത്തുൽ മസീഹ് സാനി (റ) ജമാഅത്ത് അംഗങ്ങളോടൊപ്പം. സമീപം ചൗധരി മുഹമ്മദ് സഫറുല്ലാഖാൻ സാഹിബിനെയും കാണാം.*

# മജ്‌ലിസുകളിലൂടെ

**മാസം:- ഫെബ്രുവരി 2006**

**പള്ളിപ്പുറം-** എല്ലാ ഞായറാഴ്ചയും ഗ്രൂപ്പ് തബ്‌ലീഗ്
**കരുളായി-** എല്ലാ ഞായറാഴ്ചയും ഗ്രൂപ്പ് തബ്‌ലീഗ് ഇതിലൂടെ 200 രൂപയുടെ പുസ്തകം നൽകി
**മാത്തോട്ടം- രക്തദാനം-** 2 പേർ രക്തം ദാനം ചെയ്തു.
**തർബിയ്യത്ത് യോഗം-**2
വഖ്ഫെനൗ ക്ലാസ്സുകൾ കൃത്യതയോടെ നടക്കുന്നു.
**വാഹനപ്രചരണജാഥ-** ജമാഅത്ത് സംഘടിപ്പിച്ച മാനവ ആത്മീയ നവോത്ഥാന സന്ദേശയാത്ര ഇതുവരെ ജില്ലയുടെ 70 കേന്ദ്രങ്ങളിൽ പ്രചരണം നടത്തി. ഇതിൽ മാത്തോട്ടം ഖാദിമീങ്ങൾ പലദിവസങ്ങളിലായി സേവനം അനുഷ്ഠിച്ചു. **ഇസ്‌ലാമിക പ്രഭാഷണ പരമ്പര :** ഏകദേശം 500 പേർക്ക് ഇസ്‌ലാമിക സന്ദേശം എത്തിച്ചു. പ്രഭാഷണ പരമ്പരയിൽ ഖാദിമീങ്ങൾ പങ്കെടുക്കുകയും സ്റ്റേജ് നിർമ്മാണത്തിന് സഹായിക്കുകയും ചെയ്തു.
**വഖാറെ അമൽ :** ഈ മാസം മൂന്ന് വഖാറെ അമൽ സംഘടിപ്പിച്ചു. മസീഹ് മൗഊദ് ദിനയോഗം ജമാഅത്ത് സംഘടിപ്പിച്ചു മസീഹ് മൗഊദ് ദിനയോഗത്തിൽ 20 ഓളം ഖാദിമീങ്ങൾ പങ്കെടുത്തു. ഖാദിമീങ്ങൾക്ക് ഖുർആൻ ഉറുദു പഠന ക്ലാസ്സുകൾ നടക്കുന്നു.
**കോഴിക്കോട്**: വീടുകൾ കയറിയിറങ്ങി സന്ദേശ പ്രചാരണം നടത്തി., 'മുസ്‌ലിംകൾ ആരുടെ നേതൃത്വത്തിൽ അണിനിരക്കണം' എന്ന നോട്ടീസുകൾ വിതരണം ചെയ്തു. ഒരദ്ധ്യാപകൻ ഒരു തൊഴിലാളി, മൂന്ന് യുവാക്കൾ എന്നിവരുമായി രാത്രിയിൽ അവരുടെ വീട്ടിലിരുന്ന് മണിക്കൂറുകളോളം സംസാരിച്ചു. 5 ദിവസം നീണ്ടുനിന്ന സ്റ്റേജ് പരിപാടി നടത്തിയ സ്റ്റേജിന്റെ നിർമ്മാണ പ്രക്രിയയിൽ 15 ഖുദ്ദാം പങ്കെടുത്തു. പരിപാടിയിൽ ദിവസവും 15 ഓളം ഖാദിമീങ്ങൾ പങ്കെടുത്തു. കോഴിക്കോട് ജില്ലയുടെ പലഭാഗങ്ങളിലായി ജീപ്പിൽ 10 ദിവസം സന്ദേശപ്രചരണം നടത്തി. കോഴിക്കോട് മജ്‌ലിസിലെ രണ്ട് ഖാദിം സഹോദരങ്ങളാണ് ജീപ്പ് ഓടിച്ചത്. രണ്ട് പേർ രക്തദാനം നൽകി. ഒരു അൻസാർ സഹോദരൻ പങ്കെടുത്തു.വീട് നിർമ്മാണത്തിന് ഖിദ്മത്തെ ഖൽഖ് നടത്തി. പള്ളിയുടെ ഉള്ളിൽ വഖാറെ അമൽ നടത്തി. പള്ളിയുടെ പുറത്ത് മുൻഭാഗത്ത് പുതിയ 150 പൂച്ചെട്ടിയിൽ ചെടി നട്ടു. തർബിയ്യത്ത് : കാർട്ടൂൺ വിവാദത്തെ പറ്റി ക്ലാസ്സെടുത്തു. ഉമർ മൗലവി സാഹിബ്, എ.എം. സലീം സാഹിബ്, അമീർ സാഹിബ് എന്നിവർ പങ്കെടുത്ത മൂന്ന് തർബിയത്ത് ക്ലാസുകൾ നടത്തി.